03
വ്യാഴം
മാർച്ച് 2022
1197 കുംഭം 19
Vol. 04 Issue No 90

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



*കീവിനു സമീപമുള്ള ബുച്ച നഗരത്തിൽ തകർന്ന റഷ്യൻ സൈനികവാഹനങ്ങളുടെയും കെട്ടിടങ്ങളുടെയും അവശിഷ്ടങ്ങൾ പരിശോധിക്കുന്നവർ*

## ഒരാഴ്ച പിന്നിട്ട് യുദ്ധം; ആക്രമണം ശക്തമാക്കി റഷ്യ, രണ്ടാംവട്ട ചർച്ച ഇന്ന്

**കീവ്:** ഒരാഴ്ച പിന്നിടുന്ന റഷ്യ-യുക്രൈൻ യുദ്ധം കൂടുതൽ രക്തരൂഷിതമാകുന്നു. യുക്രൈന്റെ വടക്കും കിഴക്കും തെക്കും മേഖലകളിൽ റഷ്യ ആക്രമണം ശക്തമാക്കി. തലസ്ഥാനമായ കീവ് വളഞ്ഞിരിക്കുന്ന റഷ്യൻസേന ബുധനാഴ്ച വിവിധ നഗരങ്ങളിൽ ബോംബിട്ടു. രൂക്ഷമായ കരയുദ്ധം നടക്കുന്ന ഹാർകിവിൽ റഷ്യ ക്രൂസ് മിസൈൽ ആക്രമണം നടത്തി. കരിങ്കടൽ തീരനഗരമായ ഖെർസോനിന്റെ നിയന്ത്രണം കൈക്കലാക്കിയെന്ന് റഷ്യ അവകാശപ്പെട്ടു. പോളണ്ട്- ബെലാറുസ് അതിർത്തിയിൽ വ്യാഴാഴ്ച രണ്ടാംവട്ട ചർച്ച നടക്കുമെന്ന് മോസ്കോ അറിയിച്ചു.

യുദ്ധത്തിൽ ഇതുവരെ 14 കുട്ടികളുൾപ്പെടെ രണ്ടായിരത്തിലേറെ സാധാരണക്കാർ കൊല്ലപ്പെട്ടെന്ന് യുക്രൈൻ പറഞ്ഞു. യുദ്ധഭീതിയിൽ 8,36,000 പേർ നാടുവിട്ടെന്ന് ഐക്യരാഷ്ട്രസഭ അറിയിച്ചു. റഷ്യ, യുക്രൈനെയും ജനങ്ങളെയും ഭൂമുഖത്തുനിന്ന് തുടച്ചുനീക്കാനാണ് ആഗ്രഹിക്കുന്നതെന്ന് പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി കുറ്റപ്പെടുത്തി.

ഹാർകിവിൽ ആക്രമണം ശക്തമാക്കാൻ റഷ്യൻ സൈനികർ പാരച്യൂട്ടിലിറങ്ങി. റഷ്യയുടെ അതിർത്തിയിൽനിന്ന് 48 കിലോമീറ്റർ മാത്രം അകലെയുള്ള ഇവിടെ നഗരകൗൺസിൽ ഓഫീസിനുനേരെ ക്രൂസ് മിസൈൽ ആക്രമണം നടത്തി. ഷെല്ലാക്രമണത്തിൽ നാലുപേർ മരിച്ചെന്ന് യുക്രൈൻ അറിയിച്ചു. ഒമ്പതുപേർക്ക് പരിക്കേറ്റു. ഹാർകിവിലെ പോലീസ് ആസ്ഥാനവും സർവകലാശാലാ കെട്ടിടങ്ങളും റഷ്യൻ റോക്കറ്റാക്രമണത്തിൽ തകർന്നു.


ഒരാഴ്ചയ്ക്കിടെ യുക്രൈനിലെ നൂറുകണക്കിനു വീടുകളും ആശുപത്രികളും നഴ്സറികളും റഷ്യയുടെ ആക്രമണത്തിൽ തകർന്നെന്ന് അധികൃതർ പറഞ്ഞു. 58 വിമാനങ്ങളും 46 ഡ്രോണുകളും 472 ടാങ്കുകളുമുൾപ്പെടെ യുക്രൈന്റെ 1500 യുദ്ധസാമഗ്രികൾ തകർത്തതായി റഷ്യൻ പ്രതിരോധമന്ത്രാലയം അവകാശപ്പെട്ടു. ഇക്കാര്യം നിഷേധിച്ച യുക്രൈൻ, 5840 റഷ്യൻ പട്ടാളക്കാരെ വധിച്ചെന്ന് അവകാശപ്പെട്ടു. പാശ്ചാത്യരാജ്യങ്ങൾ ഉപരോധം കടുപ്പിച്ചതോടെ അസംസ്കൃത എണ്ണയുടെയും അലുമിനിയത്തിന്റെയും വില കുതിച്ചുയർന്നു.

**ഇന്ത്യക്കാരോട് ഹാർകിവിൽ നിന്ന് ഒഴിയാൻ നിർദേശം**

യുക്രൈനിൽ യുദ്ധം മുറുകുന്ന ഹാർകിവിൽനിന്ന് വിദ്യാർഥികളടക്കമുള്ള ഇന്ത്യക്കാർ ഉടൻ ഒഴിയണമെന്ന് ഇന്ത്യൻ എംബസിയുടെ അടിയന്തരനിർദേശം. കാൽനടയായെങ്കിലും പുറത്തുകടക്കണം. ഹാർകിവ്, സുമി ഭാഗങ്ങളിൽനിന്ന് തൊട്ടടുത്ത നഗരങ്ങളായ പെസോചിൻ, ബാബയെ, ബെസ്ല്യുദോവ്ക എന്നിവിടങ്ങളിലെത്തണമെന്നാണ് നിർദേശം. ആക്രമണമുണ്ടായേക്കുമെന്ന് ഇന്ത്യയ്ക്ക് റഷ്യ നൽകിയ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിലാണിത്.

**സുരക്ഷിതപാത ഒരുക്കുമെന്ന് റഷ്യ**

യുക്രൈനിലെ സംഘർഷ പ്രദേശങ്ങളിൽനിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കാൻ റഷ്യ സുരക്ഷിത പാതയൊരുക്കുമെന്ന് ഇന്ത്യയിലെ റഷ്യൻസ്ഥാനപതി ഡെനിസ് അലിപോവ് ഡൽഹിയിൽ പറഞ്ഞു. റഷ്യൻ പ്രദേശത്തേക്ക് സുരക്ഷിതമായി ഇന്ത്യക്കാരെ എത്തിക്കുന്നതിനുള്ള നടപടികളാണ് തയ്യാറാക്കുന്നത്.




## ലഹരി മരുന്ന് കേസ്: ആര്യൻ ഖാനെതിരെ തെളിവില്ലെന്ന് എൻസിബി

**മുംബൈ:** ലഹരി മരുന്ന് കേസിൽ മാസങ്ങൾ നീണ്ട അന്വേഷണത്തിനൊടുവിൽ ഷാരൂഖ് ഖാന്റെയും ഗൗരി ഖാന്റെയും മകൻ ആര്യൻ ഖാനും വലിയ മയക്കുമരുന്ന് ഗൂഢാലോചന'' യുടെ ഭാഗമല്ലെന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ (എൻസിബി) പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) കണ്ടെത്തി. ആര്യൻ ഖാൻ ഒരു വലിയ മയക്കുമരുന്ന് ഗൂഢാലോചനയുടെ ഭാഗമോ അന്താരാഷ്ട്ര മയക്കുമരുന്ന് കടത്ത് സംഘത്തിന്റെ ഭാഗമോ ആണെന്നതിന് തെളിവുകളൊന്നുമില്ല എന്ന് എസ്ഐടി വ്യക്തമാക്കി.

ഏറ്റവും പുതിയ റിപ്പോർട്ട് അനുസരിച്ച്, കോർഡേലിയ എന്ന ബോട്ടിലെ റെയ്ഡിലെ നിരവധി ക്രമക്കേടുകൾ തങ്ങളുടെ അന്വേഷണത്തിൽ ശ്രദ്ധയിൽ പ്പെട്ടതായി എസ്ഐടി വെളിപ്പെടുത്തിയിട്ടുണ്ട്. എസ്ഐടിയുടെ പ്രധാന കണ്ടെത്തലുകളിൽ ഷാരൂഖ് ഖാന്റെ മകൻ മയക്കുമരുന്ന് കൈവശം വച്ചിട്ടില്ല, അതിനാൽ അയാൾക്ക് ഫോൺ നൽകേണ്ടതില്ല, അവന്റെ ചാറ്റുകൾ പരിശോധിക്കേ ണ്ട ആവശ്യമില്ല. ആര്യൻ ഖാന്റെ ചാറ്റ് അന്താരാഷ്ട്ര മയക്കുമരുന്ന് സിൻഡിക്കേറ്റിനെ സൂചിപ്പിച്ചിട്ടില്ല.

ആര്യനെതിരെ തെളിവില്ലെങ്കിലും എസ്ഐടി അന്വേഷണം ഇതുവരെ പൂർത്തിയായിട്ടില്ല. അന്തിമ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ എൻസിബി ഡയറക്ടർ ജനറൽ എസ് എൻ പ്രധാന് സമർപ്പിക്കും. ബോംബെ ഹൈക്കോടതിയും ജാമ്യാപേക്ഷയിൽ സമാനമായ പ്രസ്താവന നടത്തിയിരുന്നു. ഒക്ടോബറിൽ അറസ്റ്റിലായ ആര്യൻ, മുൻമുൻ ധമേച്ച, അർബാസ് മർച്ചന്റ് എന്നിവരുടെ വാട്ട്സ്ആപ്പ് ചാറ്റുകളിൽ ആക്ഷേപകരമായ ഒന്നും കണ്ടെത്തിയിട്ടില്ലെന്ന് കോടതി വ്യക്തമാക്കിയിരുന്നു.



## സ്വപ്ന സുരേഷിന്റേയും സരിത്തിന്റേയും മൊഴിയെടുത്ത് എൻഐഎ

**കൊച്ചി:** സ്വർണക്കടത്ത് കേസിലെപ്രതികളായ സ്വപ്ന സുരേഷിന്റേയും സരിത്തിന്റേയും മൊഴി എടുത്തു. എൻ ഐ എ ആണ് കൊച്ചിയിൽ ഇരുവരുടേയും മൊഴി എടുത്തത്. ജയിൽ മോചിതയായ ശേഷം സ്വപ്ന സുരേഷ് മാധ്യമങ്ങളിലൂടെ നടത്തിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിലാണ് മൊഴിയെടുത്തതെന്നാണ് സൂചന.

സ്വർണക്കടത്തുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും എം ശിവശങ്കറിന് അറിയാമെന്നായിരുന്നു സ്വപ്ന സുരേഷിന്റെ വെളിപ്പെടുത്തൽ. സ്വർണക്കടത്തുമായി ബന്ധപ്പെട്ട എൻ ഐ എ കേസിൽ ശിവശങ്കറിനെ നേരത്തെ പ്രതി ചേർത്തിരുന്നില്ല .ഈ സാഹചര്യത്തിൽ എം ശിവശങ്കറിന് എല്ലാം അറിയാമായിരുന്നെന്ന സ്വപ്നയുടെ വെളിപ്പെടുത്തലിൽ എത്രത്തോളം വാസ്തവം ഉണ്ടെന്ന് പരിശോധിക്കുകയാണ് ദേശീയ അന്വേഷണ ഏജൻസിയുടെ ലക്ഷ്യം.

സ്വർണം പിടിച്ച ദിവസം മുതൽ അദ്ദേഹത്തിന്റെ നിർദേശമനുസരിച്ചാണ് താൻ മുന്നോട്ട് പോയത്, ഈ കേസിൽ സർക്കാരിനോ മുഖ്യമന്ത്രിക്കോ പങ്കില്ലെന്ന തന്റെ ഓഡിയോ മുതൽ മുഖ്യമന്ത്രിയുടെ പേര് പറയിക്കാൻ നിർബന്ധിക്കുന്നുവെന്ന ഓഡിയോ വരെ എല്ലാം ശിവശങ്കരന്റെ തിരക്കഥയായി രുന്നവെന്നും മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ സ്വപ്ന വ്യക്തമാക്കിയിരുന്നു.

താൻ കസ്റ്റഡിയിലിരിക്കെ എൻ ഐ എ അന്വേഷണം കൊണ്ട് വന്ന് തന്നെ നിശബ്ദയാക്കാൻ ശ്രമിച്ചെന്ന് സ്വപ്ന സുരേഷ് ആരോപിച്ചിരുന്നു. കസ്റ്റഡിയിലി രിക്കെ ശിവശങ്കർ പറഞ്ഞതനുസരിച്ച് അവർ പറഞ്ഞപോലെ ഓഡിയോ റെക്കോർഡ് ചെയ്ത് നൽകിയെന്നും സ്വപ്ന വെളിപ്പെടുത്തിയിരുന്നു.

ലൈഫ്മിഷൻ കമ്മീഷൻ, സംയുക്ത ലോക്കർ,വിആർഎസ് എടുത്ത് ദുബായിൽ സ്ഥിര താമസമാക്കാൻ തയ്യാറാക്കിയ പദ്ധതി, സ്പേസ് പാർക്ക് ജോലിക്കായുള്ള വഴിവിട്ട സഹായം തുടങ്ങി എല്ലാം സ്വപ്ന തുറന്ന് പറഞ്ഞിരുന്നു.കേന്ദ്ര അന്വേഷണ ഏജൻസികൾ തന്നെ വേട്ടയാടിയെന്ന് പുസ്തകത്തിൽ ശിവശങ്കരൻ ആരോപിക്കുമ്പോഴാണ് പിടിക്കപ്പെടുമെന്നായപ്പോൾ തന്നെ ശിവശങ്കരൻ തള്ളിക്കളഞ്ഞ കഥ സ്വപ്ന പുറത്ത് പറഞ്ഞത്.



## തെറ്റാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ അത് ആവർത്തിക്കുന്നു: സിഐടിയുവിനെ വിമർശിച്ച് മുഖ്യമന്ത്രി

**കൊച്ചി:** സിപിഎം സംസ്ഥാന സമ്മേളനത്തിൽ സിഐടിയുവിനെ വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ തിരുത്ത ൽ വേണം. ചിലതൊക്കെ തെറ്റാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ അത് ആവർത്തിക്കുന്നു എന്നും മുഖ്യമന്ത്രി പറഞ്ഞു. സമ്മേളനത്തിൽ വികസനരേഖ അവതരിപ്പിക്കവെയാണ് മുഖ്യമന്ത്രിയുടെ വിമർശനം.

'തെറ്റുകൾ സിഐടിയു തിരുത്തണം. ഇല്ലെങ്കിൽ, അത് പല മേഖലകളെയും ബാധിക്കും. ചിലതൊക്കെ തെറ്റാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ കുറെ നാളുകളായി നമ്മൾ ഇതൊക്കെ ചെയ്യുന്നു. ഇനിയും തെറ്റ് പിന്തുടരുകയാണെ ങ്കിൽ വലിയ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും'- മുഖ്യമന്ത്രി പറഞ്ഞു.

നോക്കുകൂലി ഉൾപ്പടെയുള്ള കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തർക്കങ്ങളുണ്ടാവുന്നുണ്ട്. വ്യാപാരത്തിന് തടസം നിൽക്കുന്ന രീതിയിൽ ട്രേഡ് യൂണിയനുകൾ സമരം നടത്തുന്ന സാഹചര്യത്തിൽ കൂടിയാണ് മുഖ്യമന്ത്രിയുടെ പരാമർശം. നേരത്തെ, കണ്ണൂരിലും പേരാമ്പ്രയിലും സിഐടിയു കടപൂട്ടൽ സമരം നടത്തിയത് വിവാദമായിരുന്നു.

ഡിസംബർ 23-ന് സാധനങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തെ തുടർന്ന് കണ്ണൂർ മാതമംഗലത്ത് സിഐടിയുക്കാർ സമരം ചെയ്ത് കട പൂട്ടിച്ചിരുന്നു. പിന്നീട് ലേബർ കമ്മീഷണർ സിഐടിയു പ്രവർത്തകരുമായി നടത്തിയ ചർച്ചയിലൂടെ പ്രശ്നം പരിഹരിച്ച് കട വീണ്ടും തുറക്കുക യായിരുന്നു.




## മെഡി. സേവനവും ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ: ഹൈക്കോടതി

**കൊച്ചി:** മെഡിക്കൽ സേവനങ്ങൾ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുമെന്നും ചികിത്സാപ്പിഴവ് ആരോപിച്ചുള്ള പരാതിയിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് ഇടപെടാമെന്നും ഹൈക്കോടതി.

തിമിര ചികിത്സയെത്തുടർന്ന് ഇടതു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടെന്നാരോപിച്ച് കണ്ണൂർ ചൊവ്വ സ്വദേശിനി ടി.പി. അംബുജാക്ഷി നൽകിയ പരാതി ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം പരിഗണിക്കുന്നതിനെതിരെ കണ്ണൂർ സ്വദേശികളായ ഡോ. വിജിൽ, ഡോ. സോണിയ, ഡോ. ഭട്ട് തുടങ്ങിയവർ നൽകിയ ഹർജി തള്ളിയാണ് ജസ്റ്റിസ് എൻ. നഗരേഷിന്റെ ഉത്തരവ്.2019ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ മെഡിക്കൽ സേവനം ഉൾപ്പെടാത്തതിനാൽ ഫോറത്തിന് ഇടപെടാനാവില്ലെന്ന് കാട്ടി ഡോ. വിജിൽ ഉൾപ്പെടെ കണ്ണൂർ ജില്ലാ ഉപഭോക്തൃ ഫോറത്തിൽ ഉപഹർജി നൽകിയിരുന്നു. ഇതു തള്ളിയതിനെത്തുടർന്ന് സംസ്ഥാന ഉപഭോക്തൃ കമ്മിഷനെ സമീപിച്ചെങ്കിലും അവിടെയും തള്ളിയപ്പോഴാണ് ഹൈക്കോടതിയെ സമീപിച്ചത്.

ബാങ്കിംഗ്, ഫിനാൻസ്, ഇൻഷ്വറൻസ് തുടങ്ങി സൗജന്യമല്ലാത്ത ഏതു സേവനവും ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ വരുമെന്നാണ് 2019ലെ നിയമത്തിൽ പറഞ്ഞിട്ടുള്ളതെന്ന് സിംഗിൾ ബെഞ്ച് ചൂണ്ടിക്കാട്ടി. മെഡിക്കൽ സർവീസ് എന്നു എടുത്തു പറഞ്ഞിട്ടില്ലാത്തതിനാൽ ഈ സേവനത്തെ ഒഴിവാക്കിയെന്നു പറയാനാവില്ല. മെഡിക്കൽ സേവനങ്ങൾ ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ടെന്നും സിംഗിൾബെഞ്ച് വിലയിരുത്തി.



## പുനഃസംഘടന നിറുത്തിവച്ചതെന്തെന്ന് മനസ്സിലായിട്ടില്ല: ഹസ്സൻ


**തിരുവനന്തപുരം:** കോൺഗ്രസ് പുനഃസംഘടനാനടപടികൾ നിറുത്തിവച്ച ഹൈക്കമാൻഡ് നടപടിയുടെ കാരണം എന്തെന്ന് മനസ്സിലായിട്ടില്ലെന്നും വ്യക്തമാവുമ്പോൾ മറുപടി പറയാമെന്നും യു.ഡി.എഫ് കൺവീനർ എം.എം.

ഹസ്സൻ മാദ്ധ്യമങ്ങളോട് പറഞ്ഞു.പുനഃസംഘടനയെ കുറിച്ച് ആധികാരികമായി പറയാൻ കെ.പി.സി.സി പ്രസിഡന്റിന് മാത്രമേ കഴിയൂ. യു.ഡി.എഫിലെ ലീഗ് അടക്കമുള്ള പാർട്ടികളുമായല്ല, ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ട ചില സംഘടനകളുമായാണ് സി.പി.എം നേതാക്കൾ ചർച്ച നടത്തുന്നത്. ന്യൂനപക്ഷ-ഭൂരിപക്ഷ വർഗീയതയെ തരാതരം ഉപയോഗിക്കാനാണ് മുഖ്യമന്ത്രി പിണറായി വിജയനും സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും ഏറെനാളായി ശ്രമിച്ചുവരുന്നതെന്നും ഹസ്സൻ പറഞ്ഞു.

02
03 വ്യാഴം മാർച്ച് 2022
കേരള പ്രണാമം
editorialkeralapranamam@gmail.com
രാഹുകാലം :01.30 to 03.00 Pm
ഗുളികകാലം :09.00 to 10.30 am
യമകണ്ടകകാലം :06.00 to 07.30 am

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി

മഹാത്മാ ഗാന്ധി

# അവരെ സുരക്ഷിതരായി തിരികെ എത്തിക്കണം

കർണാടകത്തിൽ നിന്നുള്ള നവീൻ ശേഖരപ്പ ജ്ഞാന ഗൗഡർ എന്ന 21കാരൻ ഖാർകീവ് നാഷനൽ മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ നാലാം വർഷ മെഡിക്കൽ വിദ്യാർഥിയായിരുന്നു. യുക്രെയ്നിൽ അധിനിവേശം ആരംഭിച്ചപ്പോൾ മുതൽ റഷ്യ ലക്ഷ്യം വച്ച നഗരമാണ് ഖാർകീവ്.

യുദ്ധഭൂമിയായി മാറിയ യുക്രെയ്നിലെ ഖാർകീവിലുണ്ടായ റഷ്യൻ ഷെല്ലാക്രമണത്തിൽ ഇന്ത്യൻ മെഡിക്കൽ വിദ്യാർഥി കൊല്ലപ്പെട്ടത് മക്കളുടെ മടങ്ങിവരവ് കാത്തിരിക്കുന്ന രക്ഷിതാക്കൾ അടക്കമുള്ളവരുടെ മനസിൽ തീ കോരിയിടുന്നതായി. കർണാടകത്തിൽ നിന്നുള്ള നവീൻ ശേഖരപ്പ ജ്ഞാനഗൗഡർ എന്ന 21കാരൻ ഖാർകീവ് നാഷനൽ മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ നാലാം വർഷ മെഡിക്കൽ വിദ്യാർഥിയായിരുന്നു. യുക്രെയ്നിൽ അധിനിവേശം ആരംഭിച്ചപ്പോൾ മുതൽ റഷ്യ ലക്ഷ്യം വച്ച നഗരമാണ് ഖാർകീവ്. നിരവധി മെഡിക്കൽ കോളെജുകൾ സ്ഥിതി ചെയ്യുന്ന ആ മേഖല റഷ്യൻ അതിർത്തിയിൽനിന്ന് ഏറെ അകലെയുമല്ല. ആക്രമണം കടുത്തതോടെ അവിടത്തെ ഇന്ത്യക്കാർ ഉൾപ്പെടെയുള്ള വിദേശീയർ ബങ്കറുകളിലാണ് കഴിയുന്നത്. ഭക്ഷണസാധനങ്ങളും മറ്റും വാങ്ങാനുള്ള ക്യൂവിൽ നിൽക്കുകയായിരുന്ന നവീൻ പെട്ടെന്നുണ്ടായ ഷെല്ലാക്രമണത്തിന് ഇരയാവുകയായിരുന്നു.

നവീൻറെ മരണം ഉയർത്തുന്ന പ്രധാന ചോദ്യം അവിടെ കുടുങ്ങിയിട്ടുള്ള ഇന്ത്യക്കാരുടെ സുരക്ഷ സംബന്ധിച്ചാണ്. യുക്രെയ്നിൽ ഏതാണ്ട് 20,000 ഇന്ത്യക്കാരുണ്ടെന്നാണ് കണക്ക്. ഇതുവരെ മടങ്ങിയെത്തിയവർ 8,000 വരും. പതിനായിരത്തിലധികം പേർ യുദ്ധത്തിനു നടുവിൽ ജീവനും കൈയിൽ പിടിച്ച് കഴിയുകയാണ്. യുക്രെയ്നിലെ പല നഗരങ്ങളിലും അതിർത്തി പ്രദേശങ്ങളിലും മെട്രൊ സ്റ്റേഷനുകളിലും ബങ്കറുകളിലും മറ്റുമായി കഴിയുന്ന അവരെ എല്ലാവരെയും സുരക്ഷിതരായി തിരികെയെത്തിക്കുകയെന്നത് രാജ്യം പ്രധാന ദൗത്യമായി ഏറ്റെടുക്കണം. ഇക്കാര്യം നേടുന്നതിന് റഷ്യയും യുക്രെയ്നുമായുള്ള നയതന്ത്രബന്ധം ഉപയോഗപ്പെടുത്തുകയും വേണം. യുദ്ധത്തിനു നടുവിലേക്ക് എടുത്തെറിയപ്പെട്ടതു പോലെയാണ് അശരണരായ വിദ്യാർഥികളുടെ ഇപ്പോഴത്തെ അവസ്ഥ.

ഏതാണ്ട് ഒട്ടു മിക്ക സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിദ്യാർഥികൾ രക്ഷാമാർഗം തേടി അലയുകയാണ്. യുക്രെയ്ൻറെ പടിഞ്ഞാറൻ അതിർത്തിയിലുള്ള രാജ്യങ്ങൾ വഴി അവരെ നാട്ടിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ വിദേശകാര്യ വകുപ്പ് നടത്തിവരുന്നുണ്ട്. മേൽനോട്ടത്തിന് നാല് കേന്ദ്രമന്ത്രിമാരെയും നിയോഗിച്ചിരിക്കുന്നു. എങ്കിലും ഇനി ഒരു ജീവൻ പോലും നഷ്ടപ്പെടരുത് എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുകയും അതിനായി നയതന്ത്ര സ്വാധീനം ഉപയോഗിക്കുകയും വേണം. രക്ഷാദൗത്യത്തിന് വ്യോമസേനാ വിമാനങ്ങൾ അയയ്ക്കുന്നതും ഊർജിതമാക്കണം. കഴിഞ്ഞമാസം 24ന് യുക്രെയ്ൻ വ്യോമാതിർത്തി അടച്ചതാണ് വിദ്യാർഥികളെ ദുരിതത്തിലാക്കിയത്. അവരെ ബന്ധപ്പെടാനും കൃത്യമായ മാർഗനിർദേശങ്ങൾ നൽകി സുരക്ഷിത സ്ഥാനത്ത് എത്തിക്കാനുമുള്ള സാധ്യതകൾ ഫലവത്തായി ഉപയോഗിക്കണം.

യുദ്ധാന്തരീക്ഷം ഒട്ടും പരിചയമുള്ളവരല്ല ഇന്ത്യയിൽ നിന്നുള്ള വിദ്യാർഥികൾ. യുദ്ധസാഹചര്യങ്ങളിൽ പാലിക്കേണ്ട ക്ഷമയും അച്ചടക്കവും അധികൃതരുടെ നിർദേശങ്ങളോടു കാണിക്കേണ്ട അനുസരണയും ഏറെ പ്രധാനമാണ്. റഷ്യ മൂന്നു ദിക്കിൽ നിന്നും വളഞ്ഞാക്രമിക്കുന്നതിനാൽ സ്ത്രീകളും കുട്ടികളും അടക്കമുള്ള യുക്രെയ്നിലെ ജനങ്ങൾ പലായനം ചെയ്യുന്നത് റൊമാനിയ, പോളണ്ട്, ഹംഗറി തുടങ്ങിയ പടിഞ്ഞാറൻ രാജ്യങ്ങളിലേക്കാണ്. അതിർത്തിയിലെ തിരക്കുകൾ നിയന്ത്രണാതീതമാകുന്നത് സ്വാഭാവികം. അവിടെ പരുക്കൻ പെരുമാറ്റമുണ്ടാകുന്നതായും പരാതിയുണ്ട്. എന്നാൽ എങ്ങനെയും സുരക്ഷിത സ്ഥാനത്ത് എത്തുകയെന്നതാണ് ഇപ്പോൾ പ്രധാനം. സ്ഥിതിഗതികൾ അനുനിമിഷം വഷളായിക്കൊണ്ടിരിക്കുന്നതിനാൽ ഏതു മാർഗേനയും കീവിൽ നിന്ന് പുറത്തുകടക്കാനാണ് ഇന്ത്യൻ എംബസി ഒടുവിൽ നൽകിയിരിക്കുന്ന നിർദേശം.

ഇതിനകം 184 മലയാളി വിദ്യാർഥികളാണ് തിരികെയെത്തിയിട്ടുള്ളത്. ഡൽഹിയിലെത്തുന്ന വിദ്യാർഥികളെ വിമാന ടിക്കറ്റിൻറെ ലഭ്യതയനുസരിച്ചു കേരളത്തിലേക്ക് എത്തിക്കുന്നതിന് സംസ്ഥാന സർക്കാരും മുൻകൈയെടുക്കുന്നു. ഡൽഹിയിലും മുംബൈയിലുമെത്തുന്ന വിദ്യാർഥികൾ കേരളത്തിൽ അവരുടെ വീടുകളിൽ എത്തുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. അവസാനത്തെ വിദ്യാർഥിയും സുരക്ഷിതമായി എത്തുന്നതുവരെ നാട് പുകഞ്ഞുകൊണ്ടിരിക്കും. മെഡിക്കൽ വിദ്യാഭ്യാസത്തിനായി യുക്രെയ്ൻ പോലുള്ള കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ തിരഞ്ഞെടുത്ത പലരും സമ്പന്നമായ കുടുംബപശ്ചാത്തലത്തിൽ നിന്നുള്ളവരല്ല. വലിയ തുക ബാങ്കിൽ നിന്ന് വായ്പയെടുത്താണ് പലരും യുക്രെയ്നിലെത്തിയത്. നാലും അഞ്ചും കൊല്ലം പഠിച്ചതിൻറെ കടബാധ്യത ഭാരമായിരിക്കെ, ഭാവിയും അവർക്ക് ചോദ്യചിഹ്നമായിരിക്കുന്നു. യുദ്ധം അവസാനിച്ച് സ്ഥിതിഗതികൾ സാധാരണനിലയിലെത്തുന്നതുവരെ ഇവരുടെ പഠനം തുലാസിലാകുമോ എന്നതാണ് പ്രധാന ആശങ്ക. ഇവർക്ക് നാട്ടിലെ സ്ഥാപനങ്ങളിൽ പഠനം തുടരുന്നതിന് സാഹചര്യം ഉണ്ടാക്കാനാകുമോ എന്നതും സർക്കാർ ആലോചിക്കേണ്ടിവരും. അതിന് നിയമപരവും സാങ്കേതികവുമായ കടമ്പകൾ പലതുണ്ട് എന്നത് മറക്കുന്നില്ല. എന്നാൽ അടിയന്തരമായി ഉറപ്പാക്കേണ്ടത് എല്ലാ വിദ്യാർഥികളും യുദ്ധഭൂമിയിൽ നിന്ന് പോറലില്ലാതെ മടങ്ങിയെത്തും എന്നതു തന്നെ. അതിലേക്കാകട്ടെ ശ്രമങ്ങളത്രയും.



# ഭീമന്റെ വഴി തെളിഞ്ഞു, പ്രതിസന്ധികളിൽ ഇന്ത്യയുടെ കരുത്ത്, ഓപ്പറേഷൻ ഗംഗയിലും വ്യോമസേനയുടെ വിശ്വസ്തൻ ,ഒറ്റപ്പറക്കലിൽ വഹിക്കാനാവുന്നത് 850 ആളുകളെ

**ന്യൂഡൽഹി :** റഷ്യ യുക്രെയിൻ യുദ്ധത്തിൽ യുക്രെയിനിൽ കുടുങ്ങിയ ഇന്ത്യക്കാരെ തിരികെ കൊണ്ടുവരുന്നതിന് ഇന്ത്യ ഓപ്പറേഷൻ ഗംഗയ്ക്ക് രൂപം നൽകിയിരുന്നു. ഏകദേശം 18000 ഇന്ത്യക്കാർ യുക്രെയിനിലുണ്ടെന്നാണ സർക്കാർ നൽകുന്ന വിവരം. ആദ്യ ഘട്ടത്തിൽ എയർ ഇന്ത്യയുടെ വിമാനങ്ങളെയാണ് രക്ഷാപ്രവർത്തനത്തിനായി ഉപയോഗിച്ചിരുന്നത്. എന്നാൽ യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ ഓപ്പറേഷൻ ഗംഗയുടെ ചുക്കാൻ വ്യോമസേനയ്ക്ക് കൈമാറിയിരിക്കുകയാണ്. യുദ്ധമുഖത്ത് നിന്നും പൗരൻമാരെ രക്ഷിച്ചെടുക്കാൻ ഇന്ത്യൻ വ്യോമസേന അമേരിക്കൻ നിർമിത സി17 ഗ്ലോബ്മാസ്റ്റർ വിമാനങ്ങളെയാണ് നിയോഗിച്ചിരിക്കുന്നത്.ഭീമൻ ചരക്ക് വിമാനമായ സി17 ഗ്ലോബ്മാസ്റ്ററിന് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു രക്ഷകന്റെ സ്ഥാനമാണ് ഉള്ളത്. ഒറ്റപറക്കലിൽ 850 ആളുകളെ സുരക്ഷിതമായി എത്തിക്കാമെന്നതാണ് സി17 ഗ്ലോബ്മാസ്റ്ററിന്റെ പ്രത്യേകത. യെമനിൽ നിന്നും ഇന്ത്യക്കാരെ ഒഴിപ്പിക്കുവാനും സി17 ഗ്ലോബ്മാസ്റ്ററിന് കഴിഞ്ഞു. ലോകരാജ്യങ്ങളുടെ കൈയടി നേടിയതായിരുന്നു യെമനിൽ നിന്നും പൗരൻമാരെ രക്ഷിക്കാൻ ഇന്ത്യ നടപ്പിലാക്കിയ 2015ലെ ഓപ്പറേഷൻ റാഹത്ത്. യെമൻ സർക്കാരും ഹൂതി വിമതരും തമ്മിൽ ഏറ്റുമുട്ടിയപ്പോഴാണ് ഓപ്പറേഷൻ റാഹത്ത് നടത്തിയത്. സംഘർഷത്തിനിടെ യെമനിൽ കുടുങ്ങിപ്പോയ ആയിരക്കണക്കിന് ഇന്ത്യക്കാരെയും നൂറുകണക്കിന് വിദേശ പൗരന്മാരെയുമാണ് ഇന്ത്യയുടെ നേതൃത്വത്തിൽ അന്ന് രക്ഷപ്പെടുത്തിയത്.2020ൽ കൊവിഡ് മഹാമാരി ലോകത്തെ വിഴുങ്ങിയപ്പോൾ 60 ലക്ഷത്തിലധികം ഇന്ത്യൻ വിദ്യാർത്ഥികളും പൗരന്മാരുമാണ് ചൈന ഉൾപ്പടെ ലോകത്തെ പലഭാത്തും കുടുങ്ങിയത്. കൊവിഡ് ഭീതിയിൽ എല്ലാ അന്താരാഷ്ട്ര യാത്രാ സേവനങ്ങളും അടച്ചുപൂട്ടുന്നതിലേക്ക് എത്തിയതോടെ പ്രതിസന്ധി കടുത്തു. ഈ പ്രതിസന്ധിയിലും തളരാരെ മുന്നോട്ടുപോയ കേന്ദ്രസർക്കാർ ചാർട്ടേഡ് ഫ്‌ളൈറ്റുകളും നാവിക കപ്പലുകളും മറ്റ് മാർഗങ്ങളും ഉപയോഗിച്ച് എല്ലാ ഇന്ത്യക്കാരെയും ദിവസങ്ങൾക്കുള്ളിൽ സുരക്ഷിതമായി നാട്ടിലെത്തിച്ചു. മറ്റുചില രാജ്യങ്ങളിലെ പൗരന്മാരെയും ഇന്ത്യ രക്ഷപ്പെടുത്തി ലോകത്തിന്റെ കൈയടി നേടിയിരുന്നു. ഈ ഓപ്പറേഷനിൽ കൊവിഡിന്റെ പ്രഭവ കേന്ദ്രമായ ചൈനയിൽ നിന്നും ഇന്ത്യൻ വിദ്യാർത്ഥികളെ നാട്ടിലെത്തിക്കാൻ സി17 ഗ്ലോബ്മാസ്റ്ററിനെയാണ് വ്യോമസേന ഉപയോഗിച്ചത്.



# വ്യോമശക്തിയിൽ ലോകത്തിൽ രണ്ടാമതെങ്കിലും വ്യോമാക്രമണം നടത്താൻ റഷ്യ ഭയക്കുന്നത് ഇക്കാരണങ്ങളാൽ

**കീവ്:** അധിനിവേശം ആരംഭിച്ച് ആറാം ദിവസം പിന്നിടുമ്പോഴും യുക്രെയിനെതിരെ റഷ്യ ശക്തമായി തന്നെ ആക്രമണം അഴിച്ചുവിടുകയാണ്. കരസേനയുടെ ആക്രമണത്തിന് പുറമേ ബോംബുകളും ഷെല്ലുകളും മിസൈലുകളുമാണ് റഷ്യ കൂടുതലായി ഉപയോഗിക്കുന്നത്. എന്നാൽ അമേരിക്ക പോലുള്ള മിക്ക ലോകരാജ്യങ്ങളും കണക്ക് കൂട്ടിയിരുന്ന റഷ്യയുടെ വ്യോമാക്രമണം ആശയകുഴപ്പത്തിൽ തന്നെ തുടരുകയാണ്. വ്യോമശക്തിയിൽ ലോകത്തിൽ രണ്ടാമനായ റഷ്യ ഇതുവരെ വ്യോമാക്രമണം കാര്യമായി തുടങ്ങിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഇതിന് പിന്നിൽ വ്യക്തമായ കാരണങ്ങളുമുണ്ട്.സ്വന്തം വിമാനങ്ങൾക്കും പൈലറ്റുമാർക്കും അപകടം ക്ഷണിച്ചുവരുത്തുന്ന ഒന്നും ഇപ്പോൾ ചെയ്യാൻ റഷ്യ ഉദ്ദേശിക്കുന്നില്ല എന്നതാണ് ഒരു കാരണം. യുക്രെയിൻ നിർമിതിയായ ലോകത്തിലെ ഏറ്റവും വലിയ വിമാനമായ മിരിയ റഷ്യ തകർത്തിരുന്നു. മാത്രമല്ല യുക്രെയിനിന്റെ റഡാറുകളും വ്യോമസംവിധാനവും ക്രൂസ്, ബാലിസ്റ്റിക് മിസൈൽകൾ എന്നിവ ഉപയോഗിച്ച് തകർത്തു. എന്നാൽ റഷ്യയുടെ ആക്രമണത്തെ നേരിടാൻ പോരാട്ടവീര്യം ഒട്ടും ചോരാതെ തന്നെ യുക്രെയിൻ വ്യോമശക്തി മുന്നിലുണ്ട്. നിരവധി റഷ്യൻ ഹെലികോപ്ടറുകൾ യുക്രെയിനും തകർത്തിരുന്നു.വി കെ എസ് എന്ന് മറ്റൊരു പേരുള്ള റഷ്യൻ വ്യോമസേന ഇപ്പോഴും വേണ്ട രീതിയിൽ ആക്രമണത്തിന് മുതിരാത്തതിന് പിന്നിലെ മറ്റൊരു കാരണം പ്രിസിഷൻ ഗൈഡഡ് മുനിഷൻ ആണ്. വിമാനങ്ങളിൽ നിന്ന് കൃത്യമായി ടാർഗറ്റിനെ ലക്ഷ്യം വച്ച് ആക്രമിക്കുന്ന രീതിയാണിത്. എന്നാൽ ഇതിന് വേണ്ട മിസൈലുകളുടെയും ആയുധങ്ങളുടെയും കുറവും റഷ്യക്ക് വൻ തിരിച്ചയാകുന്നു. ഇനിയും അധികമായി ആയുധങ്ങൾ ഉപയോഗിച്ച് പാഴാക്കണ്ട എന്ന ചിന്തയും റഷ്യക്കുണ്ടാകാം.യുക്രെയിൻ പട്ടാളമെന്ന് തെറ്റിദ്ധരിച്ച് സ്വന്തം സേനയ്ക്ക് നേരെ തന്നെ ആക്രമണം നടത്തുമോയെന്നും സ്വന്തം കരസേനയിൽ നിന്ന് തിരിച്ചും ആക്രമണം നേരിടുമോയെന്നും റഷ്യൻ വ്യോമസേനയ്ക്ക് ആശങ്കയുണ്ട്. മാത്രമല്ല റഷ്യയുടെ കരസേനയും വായുസേനയും തമ്മിലെ ഏകോപനം മികച്ചതല്ലാത്തതും പരിചയ സമ്പന്നരായ പൈലറ്റുമാരുടെ ലഭ്യതകുറവും റഷ്യയ്ക്ക് വെല്ലുവിളി ഉയർത്തുന്നു. കീവിലെ പ്രേതം എന്നറിയപ്പെടുന്ന ഫൈറ്റർ ജെറ്റ് റഷ്യയുടെ ആറ് ഹെലികോപ്ടറുകളെ ഒറ്റയടിക്ക് തകർത്തതും റഷ്യ ഭയക്കുന്നു.ആക്രമണത്തിന് മുന്നോടിയായി ആയിരക്കണക്കിന് യുദ്ധവിമാനങ്ങൾ റഷ്യ തയ്യാറാക്കി നിർത്തിയിരുന്നു. എന്നാൽ അമേരിക്കയുടെ റിപ്പോർട്ടുകൾ പ്രകാരം 75ഓളം വിമാനങ്ങൾ മാത്രമാണ് യുദ്ധത്തിനായി നിലവിൽ റഷ്യ ഉപയോഗിക്കുന്നത്.

# പറഞ്ഞപ്പോൾ ചെറുതെങ്കിലും തിരുവനന്തപുരത്തുകാർക്ക് അദാനി നൽകാൻ പോകുന്നത് വലിയ സമ്മാനം, ഉദ്ഘാടനം അടുത്ത മാസം

**തിരുവനന്തപുരം:** തലസ്ഥാനത്തെത്തുന്ന യാത്രക്കാർക്ക് വിഷുക്കൈനീട്ടമായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഡ്യൂട്ടി ഫ്രീ ഷോപ്പ് ഏപ്രിലിൽ തുറക്കും. നാലുവർഷമായി ഡ്യൂട്ടി ഫ്രീ ഷോപ്പ് അടഞ്ഞുകിടക്കുകയാണ്. ദുബായ് ആസ്ഥാനമായ ഫ്ലെമിംഗ് ഗോയും അദാനിയുമായി ചേർന്നുണ്ടാക്കിയ സംയുക്ത കമ്പനിയാണ് ഡ്യൂട്ടി ഫ്രീ ഷോപ്പ് പ്രവർത്തിപ്പിക്കുക. വിമാനത്താവളത്തിൽ മുൻപുണ്ടായിരുന്ന ചെറിയ ഡ്യൂട്ടി ഫ്രീ ഷോപ്പ് വിശാലമാക്കിയാണ് തുറക്കുക. ഡ്യൂട്ടി ഫ്രീ ഷോപ്പിന് കസ്റ്റംസ് ലൈസൻസ് ഉടൻ ലഭിക്കും.തിരുവനന്തപുരത്ത് ഡ്യൂട്ടിഫ്രീ ഷോപ്പ് തുറക്കണമെന്ന് രാജ്യാന്തര യാത്രക്കാരുടെ ഏറെക്കാലമായുള്ള ആവശ്യമായിരുന്നു. വിമാനത്താവള നടത്തിപ്പ് ഏറ്റെടുത്ത അദാനി ഗ്രൂപ്പ് ചെറിയതോതിൽ ഡ്യൂട്ടി ഫ്രീ ഷോപ്പ് ആരംഭിക്കാൻ ആലോചിച്ചിരുന്നെങ്കിലും വിശാലമായ ഷോപ്പ് തുറക്കാനായിരുന്നു തീരുമാനം. ഡ്യൂട്ടി ഫ്രീ ഷോപ്പ് ലോകനിലവാരത്തിൽ പുതുക്കിപ്പണിയും. നെടുമ്പാശേരി വിമാനത്താവളത്തിൽ സിയാലിന്റെ അരലക്ഷം ചതുരശ്രഅടി ഡ്യൂട്ടി ഫ്രീ ഷോപ്പ് വൻലാഭത്തിലാണ് പ്രവർത്തിക്കുന്നത്.13,000 യാത്രക്കാരുടെ പാസ്‌പോർട്ട് വിവരങ്ങൾ ദുരുപയോഗിച്ച്,ഡ്യൂട്ടി ഫ്രീ ഷോപ്പിലൂടെ 6കോടി രൂപയുടെ മദ്യക്കടത്ത് നടത്തിയതിന് സി.ബി.ഐ കേസെടുത്തതിനെത്തുടർന്നാണ് പ്ലസ് മാക്സ് നടത്തിയിരുന്ന ഡ്യൂട്ടിഫ്രീ ഷോപ്പിന് താഴുവീണത്. കാർഗോ കോംപ്ലക്സിലെ കസ്റ്റംസ് സൂപ്രണ്ട് ലൂക്ക് കെ.ജോർജിന്റെ സഹായത്തോടെ മദ്യം വാങ്ങാത്ത യാത്രക്കാരുടെ പേരിൽ വിദേശമദ്യം വിറ്റതായി രേഖയുണ്ടാക്കി, പ്ലസ് മാക്സ് ആറു കോടിയോളം രൂപയുടെ കസ്റ്റംസ് തീരുവ വെട്ടിപ്പു നടത്തിയെന്നാണ് കേസ്.ആറു വയസുള്ള മുസ്ലിം കുട്ടിക്കു മൂന്നു കുപ്പി മദ്യം വിറ്റെന്നു പോലും രേഖയുണ്ടാക്കി.ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് വിമാനത്താവളത്തിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിന്റെ ലൈസൻസ് റദ്ദാക്കുകയായിരുന്നു.ലൂക്ക് കെ.ജോർജിനെ സി.ബി.ഐയും കസ്റ്റംസും അറസ്റ്റ് ചെയ്തിരുന്നു. ക്രമക്കേടുകളൊന്നുമില്ലാത്ത പഴുതടച്ച സംവിധാനമാണ് അദാനി- ഫ്ലെമിംഗ് ഗോ സംയുക്ത കമ്പനി ഡ്യൂട്ടി ഫ്രീ ഷോപ്പിനായി ഒരുക്കുക.





# യുക്രൈനിൽ നിന്ന് പാലായനം ചെയ്തത് 836000 പേർ

**യുക്രൈൻ :**റഷ്യ- യുക്രൈൻ യുദ്ധം രൂക്ഷമായതോടെ യുക്രൈനിൽ നിന്ന് ഏകദേശം 836000 പേർ അയൽ രാജ്യങ്ങളിലേക്ക് പലായനം ചെയ്തതായി ഐക്യ രാഷ്ട്ര സഭ. യുഎൻ അഭയാർത്ഥി ഏജൻസിയായ യു.എൻ.എച്ച്.സിആറിന്റെ വെബ്സൈറ്റിലാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പകുതിയിലധികം പേരും പടിഞ്ഞാറൻ പോളണ്ടിലേക്ക് പോയെന്നാണ് റിപ്പോർട്ട്. റഷ്യൻ അധിനിവേശം 7 ദിവസം പിന്നിടുമ്പോൾ അഭയാർത്ഥിപ്രവാഹവും തുടരുകയാണ്.അതേസമയം, ഇന്ത്യൻ സ്വദേശികളോട് ഉടൻ ഖാർകീവ് വിടാൻ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ് എംബസി. പിസോചിൻ, ബാബേയ്, ബഡിയനോവ്ക എന്നീ തൊട്ടടുത്ത നഗരങ്ങളിലേക്ക് സുരക്ഷിതമായി മാറാനാണ് നിർദേശം. ഇന്നലെ മുതൽ ഖാർകീവിൽ വലിയ ആക്രമണമാണ് റഷ്യ നടത്തുന്നത്. ഇതിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ സ്വദേശികളോട് ഉടൻ ഖാർകീവ് വിടണമെന്ന മുന്നറിയിപ്പ് എംബസി നൽകുന്നത്. യുക്രൈൻ പ്രാദേശിക സമയം, 18:00 മണിയോടെ ഖാർകീവ് വിടണമെന്നാണ് മുന്നറിയിപ്പ്.യുദ്ധം തുടങ്ങി ഏഴാം ദിവസവും യുക്രൈനിൽ ആക്രമണം ശക്തമാക്കിയിരിക്കുകയാണ് റഷ്യ. ഖേഴ്സൺ റഷ്യയുടെ നിയന്ത്രണത്തിലായി. പ്രദേശത്ത് റഷ്യ കനത്ത ഷെല്ലാക്രമണമാണ് നടത്തുന്നത്. ഖേഴ്സണിലെ നദീ തുറമുഖവും റെയിൽവേ സ്റ്റേഷനും റഷ്യൻ സൈന്യം പിടിച്ചെടുത്തു. ഖാർക്കിവിലെ റഷ്യൻ ഷെല്ലാക്രമണത്തിൽ 21 പേരാണ് കൊല്ലപ്പെട്ടത്. 112 പേർക്ക് പരുക്കേറ്റു. റഷ്യൻ പട്ടാളത്തിന്റെ ആക്രമണം തടയാൻ പരമാവധി ശ്രമിക്കുന്നതായി ഖാർക്കിവ് മേയർ ഐഹർ ടെറഖോവ് അറിയിച്ചു.ഖാർക്കിവിലെ സൈനിക അക്കാദമിക്കും ആശുപത്രിക്കും നേരെ റഷ്യൻ റോക്കറ്റ് ആക്രമണം നടക്കുകയാണ്. ഖാർക്കിവിന് പുറമെ സുമിയിലും ഷെല്ലാക്രമണം നടക്കുന്നുണ്ട്. ഖാർക്കിവിലെയും സുമിയിലേയും ജനങ്ങളോട് പുറത്തറിങ്ങരുതെന്ന് മുന്നറിയിപ്പ്

## ജപ്തി നടപടിക്കെത്തിയതിന് വാക്കത്തി വീശിയും നായ്ക്കളെ അഴിച്ചുവിട്ടും ആക്രമണം; ഉദ്യോഗസ്ഥയ്ക്ക് പരുക്ക്




**കൊച്ചി :**ജപ്തി നടപടിക്കെത്തിയ വനിതാ ഉദ്യോഗസ്ഥയെ വാക്കത്തി ഉപയോഗിച്ച് ആക്രമിക്കാൻ ശ്രമം. തൃക്കാക്കര പോലീസിന്റെ സാന്നിധ്യത്തിലാണ് കൊച്ചി കാക്കനാട് ചെമ്പുമുക്ക് സ്വദേശികളായ കെവിനും അമ്മയും ചേർന്ന് ജപ്തി നടപടിക്കെത്തിയ അഡ്വക്കേറ്റ് കമ്മീഷൻ ഉദ്യോഗസ്ഥയെയും എസ് ബി ഐ ബാങ്ക് അധികൃതരെയും വാക്കത്തി ഉപയോഗിച്ച് അക്രമിക്കാൻ ശ്രമിച്ചത്. ജപ്തി നടപടി പൂർത്തിയാക്കാതെ അധികൃതർ മടങ്ങി.ഇന്നലെ രാവിലെയാണ് എസ് ബി ഐ അധികൃതരും മജിസ്ട്രേറ്റ് പദവിയുള്ള അഡ്വക്കേറ്റ് കമ്മീഷനും തൃക്കാക്കര പോലീസിന്റെ സാന്നിധ്യത്തിൽ കാക്കനാട് ചെമ്പുമുക്ക് കെവിന്റെ വീട് ജപ്തി നടത്താനായി എത്തിയത്. ജപ്തി നടപടി ആരംഭിച്ചതോടെ കെവിനും അമ്മയും വീട്ടിലെ നായ്ക്കളെ അഴിച്ചുവിട്ടു. തുടർന്ന് ഉദ്യോഗസ്ഥരെ വീട്ടിൽ നിന്ന് തള്ളി പുറത്താക്കുകയും വാക്കത്തി കാണിച്ച് ആക്രമിക്കാൻ ശ്രമിക്കുകയുമായിരുന്നു. ഇതിനിടെ ജപ്തിക്ക് നേതൃത്വം നൽകാൻ എത്തിയ വനിതാ അഡ്വക്കേറ്റ് കമ്മീഷൻ ഉദ്യോഗസ്ഥയ്ക്ക് വാക്കത്തി ആക്രമണത്തിൽ പരിക്കേറ്റു.ജപ്തി നടപടി പ്രതിസന്ധിയിലായതോടെ തൃക്കാക്കര നഗരസഭാ അധ്യക്ഷ സ്ഥലത്തെത്തി അനുരഞ്ജന ചർച്ച നടത്തി. എന്നാൽ വായ്പയെടുത്ത തുകയ്ക്ക് ഈടായി തന്റെ സ്ഥലത്തിന്റെ ആധാരം ഒപ്പിട്ട് നൽകിയിട്ടില്ലെന്നാണ് കെവിന്റെ അമ്മയുടെ നിലപാട്. ബാങ്കിൽ വ്യാജ രേഖകൾ കാണിച്ച് മറ്റൊരാളാണ് ഇത്രയും വലിയ തുക ലോണെടുത്തിരിക്കുന്നതെന്നും അവർ ആരോപിച്ചു.മുൻപ് രണ്ട് തവണ ജപ്തി നടപടികൾക്കായി ബാങ്ക് ഉദ്യോഗസ്ഥർ എത്തിയപ്പോൾ കെവിൻ വീട്ടിലെ വളർത്ത് നായ്ക്കളെ തുറന്ന് വിട്ട് ജപ്തി നടപടികൾ തടസപ്പെടുത്തിയിരുന്നു.ഇതേ തുടർന്ന് നായയെ പിടികൂടാൻ അനിമൽ വെൽഫയർ സംഘടനയുടെ സഹായവും ഇത്തവണ ബാങ്ക് അധികൃതർ തേടിയിരുന്നു.2016ലാണ് കെവിനും അമ്മയും ചേർന്ന് എസ് ബി ടി പാലാരിവട്ടം ശാഖയിൽ നിന്ന് വൻതുക ലോണെടുത്തത്. തിരിച്ചടവ് മുടങ്ങിയതോടെ എറണാകുളം സി ജെ എം കോടതി നിർദ്ദേശത്തെ തുടർന്നാണ് ജപ്തി നടപടിയിലേക്ക് ബാങ്ക് കടന്നത്.





## പോക്സോ കേസ്: റോയ് വയലാറ്റ് ഉൾപ്പെടെയുള്ളവരുടെ ജാമ്യാപേക്ഷയിൽ വിധി പറയുന്നത് മാറ്റി

**കൊച്ചി :**പോക്സോ കേസ് പ്രതികളായ ഫോർട്ടുകൊച്ചിയിലെ നമ്പർ 18 ഹോട്ടലുടമ റോയ് വയലാറ്റ് ഉൾപ്പടെയുള്ളവരുടെ മുൻകൂർ ജാമ്യാപേക്ഷയിൽ വിധി പറയുന്നത് ഹൈക്കോടതി മാറ്റി വച്ചു. ലൈംഗിക അതിക്രമത്തിന് ഇരയായ പെൺകുട്ടിയുടെ മൊഴി അസ്വസ്ഥതയുണ്ടാക്കുന്നതാണ് എന്ന പരാമർശത്തോടെയാണ് ജസ്റ്റിസ് പി. ഗോപിനാഥ് ഹർജി വിധി പറയുന്നതിനായി മാറ്റി വച്ചത്. റോയി വയലാറ്റിന്റെ കൂട്ടാളി സൈജു തങ്കച്ചൻ, ഇയാളുടെ സുഹൃത്തും കോഴിക്കോട് സ്വദേശിനിയുമായ അഞ്ജലി എന്നിവരുടെ ഹർജിയിൽ വെള്ളിയാഴ്ച വിധി പറയും.കഴിഞ്ഞ മാസം കേസ് പരിഗണിക്കുമ്പോൾ ഇരയായ പെൺകുട്ടി മജിസ്ട്രേറ്റിനു നൽകിയ രഹസ്യ മൊഴി പരിശോധിക്കുന്നതിനായി കോടതി കേസ് മാറ്റി വെക്കുകയായിരുന്നു. കേസിൽ വിധി പറയുന്നതു വരെ പ്രതികളെ അറസ്റ്റു ചെയ്യില്ലെന്ന നിലപാട് അന്വേഷണ സംഘവും കോടതിയിൽ സ്വീകരിച്ചു. അതേ സമയം റോയി അന്വേഷണവുമായി സഹകരിക്കുന്നില്ലെന്നും കോടതിയിൽ അറിയിച്ചിരുന്നു. ഇതിനിടെ പ്രതികളൽ ഒരാളായ സൈജു തങ്കച്ചനെ വിളിച്ചു വരുത്തി പൊലീസ് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഒളിവിലുള്ള അഞ്ജലിയെ കണ്ടെത്തനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിക്കുകയും ചെയ്തിരുന്നു.2021 ഒക്ടോബർ 20 ന് റോയിയുടെ ഉടമസ്ഥതയിലുള്ള നമ്പർ 18 ഹോട്ടലിൽ വച്ച് പീഡിപ്പിച്ചുവെന്ന് ചൂണ്ടിക്കാട്ടി കോഴിക്കോട് സ്വദേശിയായ യുവതിയും മകളും നൽകിയ പരാതിയിലാണ് പൊലീസ് കേസെടുത്തിരിക്കുന്നത്. മോഡലുകളുടെ മരണം ഉണ്ടായപ്പോൾ ഉന്നയിച്ച അതേ വാദങ്ങൾ തന്നെയാണ് അതിജീവിതയും അന്വേഷണ സംഘവും ഉന്നയിച്ചിരുന്നത്. കേസ് കെട്ടിച്ചമച്ചതാണെന്നും പരാതിക്കു പിന്നിൽ ബ്ലാക്മെയിലിങ്ങാണെന്നുമുള്ള വാദമാണ് പ്രതികൾ കോടതിയിൽ ഉയർത്തിരുന്നത്



## കേരളത്തിൽ 2373 പേർക്ക് കൊവിഡ്; ടിപിആർ 6.45%

**തിരുവനന്തപുരം:** കേരളത്തിൽ 2373 പേർക്ക് കൊവിഡ്-19 സ്ഥിരീകരിച്ചു തിരുവനന്തപുരം 407, എറണാകുളം 405, കോട്ടയം 248, കൊല്ലം 194, കോഴിക്കോട് 172, ഇടുക്കി 161, തൃശൂർ 141, ആലപ്പുഴ 131, പത്തനംതിട്ട 121, മലപ്പുറം 101, വയനാട് 90, കണ്ണൂർ 89, പാലക്കാട് 75, കാസർഗോഡ് 38 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 36,747 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 88,270 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 86,636 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 1634 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 231 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 21,664 കോവിഡ് കേസുകളിൽ, 8.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 7 മരണങ്ങളാണ് കൊവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 45 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 44 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 65,597 ആയി.രോഗം സ്ഥിരീകരിച്ചവരിൽ 8 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 2237 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 102 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 26 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 5525 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 572, കൊല്ലം 474, പത്തനംതിട്ട 196, ആലപ്പുഴ 302, കോട്ടയം 766, ഇടുക്കി 195, എറണാകുളം 964, തൃശൂർ 562, പാലക്കാട് 238, മലപ്പുറം 258, കോഴിക്കോട് 570, വയനാട് 224, കണ്ണൂർ 170, കാസർഗോഡ് 34 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 21,664 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 64,16,369 പേർ ഇതുവരെ കൊവിഡിൽ നിന്നും മുക്തി നേടി.





## ഡൽഹി നരേല മേഖലയിലെ ഫാക്ടറിയിൽ തീപിടിത്തം

**ഡൽഹി:**ഡൽഹിയിലെ നരേലയിലുള്ള എം/എസ് താജ് പ്ലാസ്റ്റിക് ഫാക്ടറിയിൽ തീപിടിത്തം. നോർത്ത് ഡൽഹിയിലെ നരേല ഇൻഡസ്ട്രിയൽ ഏരിയയിലെ ഫാക്ടറിയിൽ ബുധനാഴ്ച പുലർച്ചെയാണ് തീപിടിത്തമുണ്ടായത്. 22 അഗ്നിശമനസേനാ യൂണിറ്റുകൾ സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി.രാവിലെ 11.03 ഓടെയാണ് മൃഗങ്ങളുടെ മാറ്റ് നിർമ്മിക്കുന്ന എം/എസ് താജ് പ്ലാസ്റ്റിക് ഫാക്ടറിയിൽ തീപിടിത്തമുണ്ടായത്. വിവരമറിഞ്ഞയുടൻ അഗ്നിശമനസേനയുടെ വാഹനങ്ങൾ സ്ഥലത്തെത്തി. നാല് ഫയർ എൻജിനുകൾ ആദ്യം എത്തിയെങ്കിലും, പിന്നീട് സമീപത്തെ ഫയർ സ്റ്റേഷനുകളിൽ നിന്ന് കൂടുതൽ ഫയർ എൻജിനുകൾ കൂടി എത്തി. സംഭവത്തിൽ ഇതുവരെ പരിക്കുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും, സംഭവ സമയത്ത് ആരും ഫാക്ടറിക്കുള്ളിൽ ഉണ്ടായിരുന്നില്ലെന്നും പൊലീസ് പറഞ്ഞു.

## കീഴ്ഘടകങ്ങൾ നിസ്സഹകരണം പ്രഖ്യാപിച്ചു; എംഎസ്എഫിൽ വിഭാഗീയത രൂക്ഷം

**കോഴിക്കോട്:** എംഎസ്എഫിൽ നടന്നുകൊണ്ടിരിക്കുന്ന വിഭാഗീയ പ്രവർത്തനങ്ങൾ താഴെ തട്ടുവരെ രൂക്ഷമാകുന്നു. കഴിഞ്ഞ ദിവസം നടന്ന സംസ്ഥാന എക്സിക്യൂട്ടീവ് ക്യാംപിന് മുന്നോടിയായി കീഴ്ഘടകങ്ങളെ നോക്കുകുത്തിയാക്കി മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാന പ്രസിഡണ്ട്, സംസ്ഥാന കമ്മിറ്റിയിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്തതാണ് ഇപ്പോൾ വിവാദമായിരിക്കുന്നത്. തനിക്കെതിരെ സംഘടനക്കകത്ത് ഏറെ എതിർപ്പുകളും വിവാദങ്ങളും നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ഭൂരിപക്ഷമുണ്ടാക്കാനുള്ള ശ്രമമാണ് പികെ നവാസ് നടത്തുന്നതെന്നാണ് വിലയിരുത്തൽ. ജില്ലാ പ്രസിഡണ്ട് , ജനറൽ സെക്രട്ടറിമാരെയും ഏറ്റവും സീനിയറായ അംഗങ്ങളെയുമാണ് നാളിതുവരെ സംസ്ഥാന കമ്മിറ്റിയംഗങ്ങളായി തെരെഞ്ഞെടുക്കാറുള്ളത്. എന്നാൽ സ്വന്തം മണ്ഡലം പ്രസിഡണ്ടുൾപ്പെടെ പഞ്ചായത്ത് - മണ്ഡലം തലങ്ങളിൽ പ്രവർത്തിക്കുന്നവരെയാണ് ഗ്രൂപ്പ് താൽപ്പര്യം മാത്രം മാനദണ്ഡമാക്കി സംസ്ഥാന കമ്മിറ്റിയിലേക്ക് തെരെഞ്ഞെടുത്തതെന്നാണ് ആക്ഷേപം.മുതിർന്ന ജില്ലാ ഭാരവാഹികളെയടക്കം മാറ്റിനിർത്തിയാണ് ഈ നടപടി. ഇതിനെതിരെ പ്രതികരിക്കുന്നവരോട് സാദിഖലി തങ്ങളുടെ നിർദ്ദേശപ്രകാരമാണെന്ന് പറഞ്ഞു വായടപ്പിക്കുകയാണ് ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ മങ്കട മണ്ഡലം കമ്മിറ്റി നിർദ്ദേശിച്ചയാളെ കമ്മിറ്റിയിൽനിന്ന് മാറ്റി നിർത്തിയതിനെതിരെ പരസ്യമായി നിസ്സഹകരം പ്രഖ്യാപിച്ചിരിക്കുകയാണിപ്പോൾ.കഴിഞ്ഞ ദിവസം സമാപിച്ച പാണക്കാട് നടന്ന ക്യാംപിൽ ഇത്തരത്തിലുള്ള വിവാദ ചർച്ചകൾക്കൊന്നും അവസരം കൊടുക്കാതെ സംഘടനക്കകത്തെ പ്രശ്നങ്ങളെല്ലാം അവസാനിച്ചു എന്ന പ്രഖ്യാപനം നടത്തി പിരിയുകയായിരുന്നു. അഭിപ്രായങ്ങൾ തുറന്നുപറഞ്ഞതിന്റെ പേരിൽ പല മണ്ഡലം കമ്മിറ്റികളെയും ഇതിനകം പിരിച്ചുവിട്ടിട്ടുണ്ട്. എംഎസ്എഫിന് കീഴിലുള്ള ടെക്നിക്കൽ വിദ്യാർത്ഥികളുടെ സംഘടനയായ ടെക്ഫെഡിന്റെ തലപ്പത്ത് നിയമ വിദ്യാർത്ഥിയെ അവരോധിച്ചതും നിയമ വിദ്യാർത്ഥികൾക്ക് പ്രത്യേകം സംഘടന വേണ്ടെന്ന നേരത്തെയുള്ള തീരുമാനം മാറ്റി ഗ്രൂപ്പുകാരായ ചിലരെ ഭാരവാഹികളാക്കി കമ്മിറ്റിയുണ്ടാക്കിയതും വിവാദമായിട്ടുണ്ട്. എംഎസ്എഫ് സംസ്ഥാന പ്രസിഡണ്ട് പികെ നവാസ് ഹരിത പ്രവർത്തകരോട് അശ്ളീല ഭാഷയിൽ സംസാരിച്ചെന്ന കേസിൽ പ്രതിയാണ്.

## ഏരിയ സെക്രട്ടറിയടക്കം ചേർന്ന് മധ്യവയസ്കനെ ആക്രമിച്ച കേസ്, 2 സിപിഎം പ്രവർത്തകർ അറസ്റ്റിൽ

**കരിമണ്ണൂർ :**കരിമണ്ണൂരിൽ മധ്യവയസ്കന് സിപിഎം ഏരിയ സെക്രട്ടറിയടക്കമുള്ളവരുടെ ക്രൂര മർദനമേറ്റ സംഭവത്തിൽ രണ്ട് പേർ അറസ്റ്റിൽ. സിപിഎം പ്രവർത്തകരായ സോണി, അനന്തു എന്നിവരെയാണ് കരിമണ്ണൂർ പൊലീസ് അറസ്റ്റ് ചെയ്തത്. കൂടുതൽ പേർ അറസ്റ്റിൽ ആവാൻ ഉണ്ടെന്നും പൊലീസ് അറിയിച്ചു.ഇരുമ്പ് പൈപ്പ് കൊണ്ട് അടിച്ച് ഇയാളുടെ കൈയും കാലും ഒടിക്കുകയായിരുന്നു. കരിമണ്ണൂർ സ്വദേശി ജോസഫ് വെച്ചൂരിനെയാണ് (51) കരിമണ്ണൂർ ഏരിയ സെക്രട്ടറി പിപി സുമേഷിന്റെ നേതൃത്വത്തിൽ മർദിച്ചത്. ഫേസ്ബുക്ക് പോസ്റ്റിന് കമന്റിട്ടെന്നാരോപിച്ചായിരുന്നു മർദനം. ഗുരുതര പരുക്കുകളോടെ ജോസഫ് തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലാണ്.

BUSINESS NEWS




# ഇന്ത്യയുടെ ജിഡിപി മെച്ചപ്പെട്ട വളർച്ച കൈവരിക്കുന്നതായി നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട്

**ന്യൂഡൽഹി:** നടപ്പു സാമ്ബത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ നേരത്തെ കണക്കാക്കിയിരുന്നതിൽ നിന്നും രാജ്യത്തിന്റെ സാമ്ബത്തിക വളർച്ച 5.4 ശതമാനമായി കുറഞ്ഞെങ്കിലും മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു ഇപ്പോഴും ഇന്ത്യയുടെ ജിഡിപി മെച്ചപ്പെട്ട വളർച്ചയാണ് രേഖപ്പെടുത്തുന്നതെന്ന് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ടിൽ പറയുന്നു. ഇതേ കാലയളവിൽ ചൈനയുടെ ജിഡിപി 4 ശതമാനം വികസനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇന്ത്യയുടെ ജിഡിപി വളർച്ച നടപ്പ് സാമ്ബത്തിക വർഷം ഏപ്രിൽ-ജൂൺ കാലയളവിൽ 20.3 ശതമാനവും ജൂലൈ-സെപ്റ്റംബർ കാലയളവിൽ 8.5 ശതമാനവുമായിരുന്നു. എൻഎസ്ഒ പുറത്തിറക്കിയ ദേശീയ അക്കൗണ്ടുകളുടെ കണക്ക് രാജ്യത്തിന്റെ വളർച്ചയെ വ്യക്തമാക്കുന്നു. 2021-22 സാമ്ബത്തിക വർഷത്തിലെ മൊത്തം വളർച്ച 8.9 ശതമാനമാണ്. മുൻ വർഷം ജനുവരിയിൽ പുറത്തുവിട്ട ആദ്യ മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം ഇത് 9.2 ശതമാനമാണെന്ന് കണക്കാക്കിയിരുന്നു. കൂടാതെ, കൊവിഡിനെ തുടർന്ന് കഴിഞ്ഞ സാമ്ബത്തിക വർഷം (2020 21), എൻഎസ്ഒ അതിന്റെ കുറഞ്ഞ ജിഡിപി എസ്റ്റിമേറ്റ് പുതുക്കി 6.6 ശതമാനമാക്കിയിരുന്നു. നേരത്തെ, 7.3 ശതമാനമാണ് എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നത്. ഇന്ത്യൻ സമ്ബദ് വ്യവസ്ഥ 2020 ഏപ്രിൽ-ജൂൺ കാലയളവിൽ 23.8 ശതമാനവും 2020 ജൂലൈ-സെപ്റ്റംബർ പാദത്തിൽ 6.6 ശതമാനവും ചുരുങ്ങുകയുണ്ടായി.2022 സാമ്ബത്തിക വർഷം മൂന്നാം പാദത്തിലെ പ്രതികൂല സാഹചര്യങ്ങൾ വളർച്ച കുറയ്ക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും, എൻഎസ്ഒ യുടെ പ്രാഥമിക കണക്കുകൾ പ്രതീക്ഷകൾക്ക് വളരെ താഴെയാണ് ജിഡിപി നിരക്ക്. (6.2 ശതമാനം). തെക്കൻ സംസ്ഥാനങ്ങളിലെ കനത്ത മഴയും വളർച്ച കുറയുന്നതിനു കാരണമായി. ഇക്രയുടെ ചീഫ് ഇക്കണോമിസ്റ്റ് അദിതി നായർ പറഞ്ഞു. സ്ഥിര വിലയിൽ (201112) 202122 മൂന്നാം പാദത്തിൽ ജിഡിപി 38.22 ലക്ഷം കോടി രൂപയാണ് കണക്കാക്കിയത്. കഴിഞ്ഞ വർഷം (2020 21) മൂന്നാം പാദത്തിൽ ഇത് 36.26 ലക്ഷം കോടി രൂപയായിരുന്നു. 5.4 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഇത് പ്രകാരം, യഥാർത്ഥ ജിഡിപി അല്ലെങ്കിൽ മൊത്ത ആഭ്യന്തര ഉൽപ്പാദനം സ്ഥിര (201112) വിലകളിൽ 2021-22 ൽ 147.72 ലക്ഷം കോടി രൂപയെന്ന നിലയിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. 2022 ജനുവരി 31-ന് റിലീസ് ചെയ്ത കണക്കുകൾ പ്രകാരം 2020-21 സാമ്ബത്തിക വർഷം ജിഡിപി, 135.58 ലക്ഷം കോടി രൂപയായിരിക്കുമെന്ന് എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നു. 2020-21ൽ 6.6 ശതമാനത്തിന്റെ സാമ്ബത്തിക ചുരുങ്ങലിനെതിരെ 2021-22 ലെ ജിഡിപി വളർച്ച 8.9 ശതമാനമായി കണക്കാക്കുന്നു. മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, നടപ്പു സാമ്ബത്തിക വർഷം ഒക്ടോബർ -ഡിസംബർ പാദത്തിൽ ജിഡിപി 38,22,159 കോടി രൂപയായിരുന്നു. 2020-21 സാമ്ബത്തിക വർഷം ഇതേ പാദത്തിൽ 36,22,220 കോടി രൂപയായിരുന്നു രേഖപ്പെടുത്തിയത്.




# റഷ്യ-യുക്രെയ്ൻ പ്രതിസന്ധി: എൽഐസി ഐപിഒ മാറ്റിവെച്ചേക്കും

എൽഐസിയുടെ പ്രാരംഭ ഓഹരി വിൽപ്പന (ഘകഇ കജഛ) കേന്ദ്രം നീട്ടിവെച്ചേക്കും.റഷ്യയുടെ യുക്രെയ്ൻ അധിനിവേശത്തെ തുടർന്നുണ്ടായ പ്രതിസന്ധികൾ കണക്കിലെടുത്താവും തീരുമാനം. റഷ്യ-യുക്രൈൻ യുദ്ധം ആഗോളതലത്തിൽ വിപണികളുടെ തകർച്ചയ്ക്ക് കാരണമായിരുന്നു. ഈ സാഹചര്യത്തിൽ വിജയം ഉറപ്പാക്കാൻ ഐപിഒ നീട്ടിവെക്കേണ്ടി വന്നേക്കുമെന്നാണ് വിലയിരുത്തൽ.മാർച്ചിനുള്ളിൽ എൽഐസി ലിസ്റ്റ് ചെയ്യുമെന്നാണ് കേന്ദ്രം അറിയിച്ചിട്ടുള്ളത്. എന്നാൽ വിപണി സാഹചര്യങ്ങൾ നോക്കി പുതിയ തീയതികൾ പരിഗണിക്കാൻ സാധ്യതയുള്ളതായി ഒരു മുതിർന്ന ഉദ്യോഗസ്ഥനെ അധികരിച്ച് ഫിനാൻഷ്യൽ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തു. രാജ്യത്തെ ഏറ്റവും വലിയ ഐപിഒയ്ക്കാണ് എൽഐഐസി ഒരുങ്ങുന്നത്. 65,000-70000 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. സമാഹരിക്കുന്ന തുകയെ സംബന്ധിച്ച് ഇതുവരെ കേന്ദ്രം വ്യക്തത നൽകിയിട്ടില്ല. എൽഐസിയുടെ അഞ്ച് ശതമാനം ഓഹരികളാണ് വിൽക്കുന്നത്.നിലവിലെ സാഹചര്യത്തിൽ എൽഐസി ഓഹരി വിൽപ്പനയിലൂടെ കേന്ദ്രം ലക്ഷ്യമിടുന്ന തുക ലഭിക്കില്ലെന്നാണ് വിദഗ്ധർ പറയുന്നത്. ഓഹരി വിലയും 2000ന് താഴെ നിശ്ചയിക്കേണ്ടി വരും. വിദേശ നിക്ഷേപകർ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 10 ബില്യണോളം ഡോളർ പിൻവലിച്ചതും ഇവർ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ ഒക്ടോബറിൽ 61,765.59ൽ എത്തിയ സെൻസെക്സ് നിലവിൽ 55,314.45ൽ ആണ് (10.00 മാ) വ്യാപാരം നടത്തുന്നത്.കഴിഞ്ഞ മാസം നടത്തിയ വാർത്താ സമ്മേളനത്തിൽ, വിപണികൾ നിരീക്ഷിക്കുകയാണെന്നാണ് എൽഐസി ചെയർമാൻ പറഞ്ഞത്. എന്നാൽ അന്നത്തേതിൽ നിന്ന് സാഹചര്യം കൂടുതൽ വഷളാവുകയാണ് ചെയ്തത്.എൽഐസി ഐപിഒ വൈകിയാൽ സർക്കാരിന്റെ ധനസ്ഥിതിയെയും ബാധിക്കും. ഇതിനകം ഓഹരി വിറ്റഴിക്കലിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ട തുക 1.75 ലക്ഷത്തിൽ നിന്ന് 78,000 കോടിയായി പുതുക്കി നിശ്ചയിച്ചിരുന്നു. നടപ്പ് സാമ്ബത്തിക വർഷം ഇതുവരെ ഓഹരി വിറ്റഴിക്കലിലൂടെ 12,424 കോടി രൂപ മാത്രമാണ് കേന്ദ്രത്തിന് സമാഹരിക്കാനായത്.

# ജനുവരിയിൽ റെക്കോഡ് യുപിഐ ഇടപാടുമായി പേടിഎം പേയ്മെന്റ് ബാങ്ക്




ജനുവരിയിൽ, പേടിഎം പേയ്മെന്റ് ബാങ്ക്, 957 ദശലക്ഷത്തിലേറെ യുപിഐ ഇടപാടുകളുമായി, റെക്കോഡ് നേട്ടം കൈവരിച്ചു. മൊത്തം 1.3 കോടി ഇഷ്യുകളുമായി ബാങ്ക്, ഫാസ്ടാഗിന്റെ കാര്യത്തിലും മുൻപന്തിയിലാണ്.ജനുവരിയിൽ പേടിഎം പേയ്മെന്റ് ബാങ്ക് 957.39 ദശലക്ഷം യുപിഐ ഇടപാടുകളാണ് നടത്തിയത്. അതിവേഗവും സുരക്ഷിതവുമായ പണം വിനിമയമാണ് പേടിഎം യുപിഐ ലഭ്യമാക്കുക.കഴിഞ്ഞ മാസം 4.3 ദശലക്ഷത്തിലധികം ഫാസ്ടാഗുകളാണ് ബാങ്ക് വിതരണം ചെയ്തത്. ഫാസ്ടാഗ് റീചാർജ് ചെയ്യുന്നതിന് പ്രത്യേക അക്കൗണ്ടോ, വാലറ്റ് ഡൗൺലോഡ് ചെയ്യുകയോ വേണ്ട.ഒരു മാസത്തിനുള്ളിൽ 926 ദശലക്ഷത്തിലധികം യുപിഐ ഇടപാടുകൾ നേടുന്ന രാജ്യത്തെ യുപിഐ ഗുണഭോക്തൃ ബാങ്കായി പേടിഎം പേയ്മെന്റ് ബാങ്ക് മാറിയതായി ബാങ്ക് സിഇഒ സതീഷ് ഗുപ്ത പറഞ്ഞു.ഉപയോക്താക്കളുടെ ഇഷ്ട ചോയ്സ് ആയി പേടിഎം ഫാസ്ടാഗ് മാറിയിട്ടുണ്ട്. മിനിമം ഡോക്യുമെന്റേഷൻ, തൽക്ഷണ ആക്ടിവേഷൻ, മികച്ച കസ്റ്റമർ കെയർ എന്നിവയാണ്, പേടിഎം ഫാസ്ടാഗിന്റെ ജനപ്രീതിയുടെ കാരണം.1.29 കോടിയിലേറെ ഫാസ്ടാഗുകളാണ് പേടിഎം പേയ്മെന്റ് ബാങ്ക് ഇതുവരെ പുറത്തിറക്കിയിട്ടുള്ളത്. ഇത് അംഗീകൃത പുറത്തിറക്കിയ മൊത്തം ഫാസ്ടാഗുകളുടെ എണ്ണത്തേക്കാൾ കൂടുതലാണ്.ദേശീയ ഇലക്ട്രോണിക് ടോൾ കളക്ഷൻ പ്രോഗ്രാമിൽ ഏറ്റവും കൂടുതൽ ടോൾപ്ലാസകൾ ഏറ്റെടുക്കുന്നതിൽ മുന്നിലാണ് പേടിഎം പേയ്മെന്റ് ബാങ്ക്. 200-ലധികം ടോൾപ്ലാസകൾ ഡിജിറ്റലാക്കിയിട്ടുമുണ്ട്. മൊബൈൽ ഇടപാടുകളുടെ കാര്യത്തിലും പേടിഎം പേയ്മെന്റ് ബാങ്ക് മുന്നിലാണ്. കൂടുതൽ വിവരങ്ങൾക്ക് https://www.paytmbank.com

# വിസ്സാർഡിൻറെ ഭൂരിഭാഗം ഓഹരികളും മഹീന്ദ്ര ലോജിസ്റ്റിക്സിന്

Mahindra LOGISTICS

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ തേർഡ് പാർട്ടി ലോജിസ്റ്റിക്സ് സൊല്യൂഷൻ ദാതാക്കളിൽ ഒന്നായ മഹീന്ദ്ര ലോജിസ്റ്റിക്സ് ലിമിറ്റഡ് 'വിസ്സാർഡ് ബ്രാൻഡിന് കീഴിൽ പ്രവർത്തിക്കുന്ന അവസാന മൈൽ ലോജിസ്റ്റിക് സേവന ദാതാവായ സിപ്സാപ് ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിൻറെ ഭൂരിഭാഗം ഓഹരികളും ഏറ്റെടുക്കും.മഹീന്ദ്ര ലോജിസ്റ്റിക്സിൻറെ നിലവിലുള്ള ലാസ്റ്റ് മൈൽ ഡെലിവറി ബിസിനസിനെയും, കമ്ബനിയുടെ ഇലക്ട്രിക് വെഹിക്കിൾ അടിസ്ഥാനമാക്കിയുള്ള ഡെലിവറി സേവനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏറ്റെടുക്കൽ സഹായകരമാവും.സാങ്കേതികവിദ്യ, ഭൂമിശാസ്ത്രപരമായ കവറേജ്, പ്രവർത്തന ശേഷി എന്നിവ ത്വരിതപ്പെടുത്തുന്നതിനും ഈ ഇടപാട് വഴിയൊരുക്കും.ഹൈദരാബാദ് ആസ്ഥാനമായുള്ള വിസ്സാർഡ് നിലവിൽ വിവിധ വിഭാഗങ്ങളിലായി പ്രതിവർഷം 60 ദശലക്ഷം പാക്കേജുകൾ കൈകാര്യം ചെയ്യുന്നുണ്ട്. അങ്കിത് മന്ദാനിയ, അരുൺ റാവു എന്നിവർ ചേർന്ന സ്ഥാപിച്ച കമ്ബനി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പത്ത് മടങ്ങ് വളർച്ചയാണ് നേടിയത്.




# 110 ഡോളറിൽ ബ്രെന്റ് ക്രൂഡ് ; കുതിർച്ചുയർന്ന് എണ്ണവില

**വാഷിങ്ടൺ:** രാജ്യാന്തര വിപണിയിൽ എണ്ണവില കുതിക്കുന്നു. ഇന്ത്യയുൾപ്പടെയുള്ള രാജ്യങ്ങൾ ഉപയോഗിക്കുന്ന ബ്രെന്റ് ക്രൂഡ് ബാരലിന് 110 ഡോളറിന് മുകളിലാണ് ഇപ്പോൾ വ്യാപാരം നടത്തുന്നത്.ഡബ്യു.ടി.ഐ ക്രൂഡിന്റെ വില 108 ഡോളർ പിന്നിട്ടു. റഷ്യയുടെ യുക്രെയ്ൻ അധിനിവേശമാണ് എണ്ണവില കുതിച്ചുയരാനുള്ള പ്രധാന കാരണം.യുദ്ധം കനക്കുന്നതോടെ എണ്ണവിതരണത്തിൽ തടസങ്ങൾ ഉണ്ടാവുമെന്നും ആശങ്കയുണ്ട്. ഇത് വില വീണ്ടും ഉയരുന്നതിന് ഇടയാക്കും. യുറോപ്യൻ രാജ്യങ്ങളും അമേരിക്കയും റഷ്യക്കെതിരെ സാമ്ബത്തിക ഉപരോധങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റഷ്യയുടെ എണ്ണയും പ്രകൃതിവാതകവും വിപണിയിലേക്ക് എത്രത്തോളം എത്തുമെന്നതിലും അനിശ്ചിതത്വമുണ്ട്. ഇതും എണ്ണ വിലയെ കാര്യമായി സ്വാധീനിക്കുന്നുണ്ട്.അതേസമയം, കഴിഞ്ഞ 100 ദിവസമായി ഇന്ത്യയിലെ പെട്രോൾ-ഡീസൽ വിലയിൽ കമ്ബനികൾ മാറ്റം വരുത്തിയിട്ടില്ല. നിലവിലെ സാഹചര്യത്തിൽ അഞ്ച് സംസ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് കഴിയുന്നതോടെ കമ്ബനികൾ വില ഉയർത്തുമെന്ന് ഉറപ്പാണ്. ഇത് ഇന്ത്യയുടെ സമ്ബദ്‌വ്യവസ്ഥക്കും വലിയ പ്രതിസന്ധിയാവും സൃഷ്ടിക്കുക. ഇന്ധനവില ഉയരുന്നത് പണപ്പെരുപ്പത്തിന്റെ തോതും ഉയർത്തും.




# എയർ ഇന്ത്യയുടെ സിഇഒ സ്ഥാനം ഉപേക്ഷിച്ച് ഇൽക്കർ ഐസി

എയർ ഇന്ത്യയുടെ സിഇഒ സ്ഥാനം ഏറ്റെടുക്കില്ലെന്ന് അറിയിച്ച് ഇൽക്കർ ഐസി. കഴിഞ്ഞ ഫെബ്രുവരി 14ന് ആണ് ടർക്കിഷുകാരനായ (തുർക്കി) ഇൽക്കർ എയർ ഇന്ത്യയുടെ എംഡിയും സിഇഒയും ആകുമെന്ന് ടാറ്റ സൺസ് അറിയിച്ചത്. ടർക്കിഷ് എയർലൈൻസ് ചെയർമാൻ സ്ഥാനം ഒഴിഞ്ഞതിനെ തുടർന്നാണ് ഇൽക്കറെ ടാറ്റ ക്ഷണിച്ചത്.എന്നാൽ തുർക്കി പ്രസിഡന്റ് തയീപ് എർദോഗനുമായുള്ള ഇൽക്കറുടെ അടുത്ത ബന്ധം ചൂണ്ടിക്കാട്ടി ആർഎസ്എസ് പോഷക സംഘടനയായ സ്വദേശി ജാഗരൺ മഞ്ച് (എസ്ജെഎം) രംഗത്തെത്തിയിരുന്നു. 1994 കാലയളവിൽ തയീപ എർദോഗന്റെ ഉപദേശകനായിരുന്നു ഇൽക്കർ. കശ്മീർ വിഷയത്തിൽ പാക്ക് അനുകൂല നിലപാട് സ്വീകരിച്ച ആളാണ് തയീപ് എർദോഗൻ.രാജ്യ സുരക്ഷയെ മുൻനിർത്തി ഇൽക്കറുടെ നിയമനത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകരുതെന്നായിരുന്നു എസ്ജെഎമ്മിന്റെ ആവശ്യം. നിയമനവുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് അദ്ദേഹത്തിന്റെ പിൻമാറ്റം. തന്റെ നിയമനവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ ചില സ്ഥാപനങ്ങൾ അനാവശ്യ നിറം പകരുകയാണെന്നാണെന്ന് ഇൽക്കർ പറഞ്ഞു. പ്രഫഷണൽ ധാർമ്മികതയെയും കുടുംബത്തെയും പരിഗണിച്ച് എയർ ഇന്ത്യയിലേക്കില്ലെന്ന തീരുമാനം കൈക്കൊള്ളുകയായിരുന്നു എന്നും അദ്ദേഹം വ്യക്തമാക്കി.



# റഷ്യ അമേരിക്ക യുദ്ധത്തിന് കളമൊരുങ്ങുന്നു; റഷ്യയെ വീണ്ടും രൂക്ഷമായി വിമർശിച്ച് ബൈഡൻ

**വാഷിങ്ടൺ:**റഷ്യയെ വീണ്ടും രൂക്ഷമായി വിമർശിച്ച് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ രംഗത്ത് വന്നതോടെ റഷ്യ അമേരിക്ക യുദ്ധത്തിന് കളമൊരുങ്ങുന്നു എന്ന സൂചനകളാണ് പുറത്ത് വരുന്നത്.യുക്രെയ്നിൽ നടത്തുന്ന അധിനിവേശത്തിന് റഷ്യ മറുപടി നൽകേണ്ടി വരുമെന്ന് ബൈഡൻ പുടിന് മുന്നറിയിപ്പ് നൽകി.യു എസ് കോൺഗ്രസിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യുക്രെയ്ൻ ജനതയ്ക്കൊപ്പമാണ് അമേരിക്കയെന്ന് അദ്ദേഹം പറഞ്ഞു.യുക്രെയ്നുള്ള പിന്തുണയും സഹായവും തുടരുമെന്ന് അദ്ദേഹം അറിയിച്ചു.യുക്രെയ്ൻ പ്രതിനിധിയെ സഭയിലിരുത്തി കരഘോഷങ്ങളോടെയാണ് അമേരിക്ക യുക്രെയ്നൊപ്പമാണെന്ന് ബൈഡൻ പ്രഖ്യാപിച്ചത്. യുക്രെയെൻ ജനതയ്ക്കൊപ്പം ലോക മനസാക്ഷിയും യൂറോപ്പും, പടിഞ്ഞാറൻ രാജ്യങ്ങളുമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.പുടിൻ സ്വേച്ഛാധിപതിയാണെന്ന് ആരോപിച്ചു.പുടിന്റെ കണക്കുകൂട്ടലുകൾ എല്ലാം പിഴച്ചുവെന്നും റഷ്യ ഒറ്റപ്പെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോക സ്വാതന്ത്ര്യത്തിന്റെ അടിത്തറയിളക്കാനാണ് ശ്രമമെന്ന് അദ്ദേഹം ആരോപിച്ചു. പ്രകോപനമില്ലാതെയാണ് റഷ്യ സൈനിക നടപടി ആരംഭിച്ചത്. അതേസമയം അമേരിക്ക റഷ്യയിൽ നേരിട്ട് സൈനിക ഇടപെടൽ നടത്തില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.വെടിനിർത്തൽ പ്രഖ്യാപനമുണ്ടാകാത്ത സാഹചര്യത്തിൽ ഏഴാം ദിവസവും ഉക്രൈനിൽ ആക്രമണം ശക്തമാക്കി റഷ്യ. റഷ്യ നടത്തിയ മിസൈൽ ആക്രമണത്തിൽ 5 പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.വിവിധ ഇടങ്ങളിലായി ഉണ്ടാകുന്ന സ്ഫോടനങ്ങളിൽ നിരവധി പേർക്കാണ് പരിക്കേറ്റത്. ഉക്രൈന്റെ സൈനിക കേന്ദ്രങ്ങളാണ് റഷ്യയുടെ പ്രധാന ലക്ഷ്യം. ഉക്രൈൻ തലസ്ഥാനമായ കിയവ് പിടിച്ചെടുക്കാനുള്ള ശ്രമങ്ങളും റഷ്യ ശക്തമാക്കിയതോടെ നഗരത്തിന്റെ വിവിധ സ്ഥലങ്ങളിൽ ആക്രമണമുണ്ടായി. അതിനിടെ കിയവിലെ ടെലിവിഷൻ ടവർ റഷ്യ തകർത്തു. ഇതേത്തുടർന്ന് കിയവിലെ ടെലിവിഷൻ ചാനലുകളുടെ സംപ്രേഷണവും നിലച്ചു. ഒറ്റക്കാണെങ്കിലും റഷ്യക്കെതിരെ പോരാട്ടം തുടരുമെന്ന് ഉക്രൈൻ പ്രസിഡന്റ് വ്ളാദിമർ സെലൻസ്കി പറഞ്ഞു. റഷ്യ ഒരു തീവ്രവാദ രാഷ്ട്രമായി മാറി, അവരോട് ആരും ക്ഷമിക്കില്ല. ഓരോ ഉക്രൈൻ പൗരന്മാരും നിലവിലുള്ള പ്രതിസന്ധിയെ അതിജീവിക്കാനുള്ള ശ്രമത്തിലാണെന്നും സെലൻസ്കി പറഞ്ഞു.ലോകത്തിന്റെ പല ഭാഗങ്ങളിൽ റഷ്യൻ ആക്രമണത്തിനെതിരെയും സമാധാനം പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടും പ്രതിഷേധ പ്രകടനങ്ങൾ തുടരുകയാണ്.യുദ്ധത്തെ അഭിമുഖീകരിക്കുന്ന രാജ്യത്തിന് അടിയന്തര അംഗത്വം നൽകാനുള്ള നടപടികളുടെ ഭാഗമായി ഉക്രൈന് യൂറോപ്യൻ യൂണിയനിൽ അംഗത്വം നൽകാൻ യൂറോപ്യൻ പാർലമെന്റ് ശുപാർശ ചെയ്തു. ഉക്രൈന് കൂടുതൽ പ്രതിരോധ സഹായം ആവശ്യപ്പെട്ട് സെലൻസ്കി യു എസ് പ്രസിഡന്റ് ജോ ബൈഡനുമായി ഫോണിൽ സംസാരിച്ചു.എത്രയും പെട്ടന്ന് റഷ്യയെ തടയണമെന്ന് സെലൻസ്കി ജോ ബൈഡനോട് ആവശ്യപ്പെട്ടു.റഷ്യക്കെതിരായ ഉപരോധങ്ങളും സംഭാഷണത്തിൽ ചർച്ചയായി.





# ബോംബ് ഉണ്ടാക്കാൻ പഠിച്ചും പഠിപ്പിച്ചും യുക്രെയ്ൻ; ക്രാഷ് കോഴ്സുകളും ഇന്റർനെറ്റ് ക്ലാസുകളും സജീവം

**കീവ്:** റഷ്യൻ സൈനികരെ ചെറുക്കാൻ നല്ല നാടൻ ബോംബുകൾ ഉണ്ടാക്കാനുള്ള പരിശീലനത്തിലാണ് യുക്രെയ്നിലെ യുവാക്കൾ.അധിനിവേശം തുടങ്ങിയതിന് പിന്നാലെ സാധാരണക്കാരും യുദ്ധത്തിനിറങ്ങണമെന്ന് യുക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമർ സെലൻസ്കി ആഹ്വാനം ചെയ്തിരുന്നു. ഇതിന് പിന്നാലെയാണ് റഷ്യൻ സൈനികർക്ക് ചുട്ടമറുപടി നൽകാൻ ബോംബ് നിർമാണം ഉൾപ്പെടെ യുക്രെയ്ൻ യുവാക്കൾ പരിശീലിക്കുന്നത്.നാടൻ പെട്രോൾ ബോംബുകൾ ഉൾപ്പെടെ ഉണ്ടാക്കുന്ന വിധം ഇവർ പരിശീലിച്ചുകഴിഞ്ഞു. ആയുധങ്ങളൊന്നും കൈവശമില്ലാത്ത സാധാരണക്കാർ ഈ പെട്രോൾ ബോംബുകൾ കൊണ്ടാണ് റഷ്യൻ സേനയെ പേടിപ്പിക്കുന്നത്. കീവിന്റെ പടിഞ്ഞാറൻ നഗരമായ സിട്ടോമിറിൽ വനിതകൾ ഉൾപ്പെടെയുള്ള ഒരു സംഘം ഇതിനായി പ്രത്യേക പരിശീലന കളരി തന്നെ ആരംഭിച്ചിട്ടുണ്ട്. എങ്ങനെയാണ് പെട്രോൾ ബോംബ് നിർമിക്കുന്നതെന്നും തീ കൊളുത്തേണ്ടത് എങ്ങനെയാണെന്നും ശത്രുക്കൾക്ക് നേരെ എങ്ങനെ എറിയണമെന്നും ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവർ പരിശീലിപ്പിക്കുന്നു.കീവ് നഗരത്തിൽ ഉൾപ്പെടെ ഇത്തരം ആയിരക്കണക്കിന് പെട്രോൾ ബോംബുകൾ തയ്യാറാക്കി വെച്ചതായിട്ടാണ് പ്രാദേശിക റിപ്പോർട്ടുകൾ. നഗരത്തിലെ റോഡുകളിൽ ഇരുന്ന് യുവാക്കൾ കൂട്ടത്തോടെ പെട്രോൾ ബോംബുകൾ ഉണ്ടാക്കുന്ന ചിത്രങ്ങൾ ഇതിനകം മാദ്ധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. റഷ്യൻ സൈനികർക്ക് നേരെ പെട്രോൾ ബോംബുകൾ വലിച്ചെറിയുന്ന ചിത്രങ്ങളും ഇതിനൊപ്പം പ്രചരിച്ചിരുന്നു.ഇന്റർനെറ്റ് വീഡിയോകളിലൂടെ പെട്രോൾ ബോംബ് നിർമാണം വ്യാപകമായി പഠിപ്പിക്കുന്ന സംഘങ്ങളും സജീവമാണ്.

# സിറിയയിൽ ഷോപ്പിംഗ് മാളിൽ തീപ്പിടുത്തം: 11 മരണം



**ഡമാസ്കസ് :** സിറിയൻ തലസ്ഥാനമായ ഡമാസ്കസിലെ ഷോപ്പിംഗ് മാളിലുണ്ടായ തീപ്പിടുത്തതിൽ 11 പേർ പൊള്ളലേറ്റ് മരിച്ചു.അൽ-ഹംറ സ്ട്രീറ്റിലെ ലാ മിറാഡ മാളിലാണ് ഇന്നലെ രാത്രി തീപ്പിടുത്തമുണ്ടായത്.രണ്ട് പേരെ രക്ഷപ്പെടുത്തിയതായി ആഭ്യന്തര മന്ത്രാലയത്തെ ഉദ്ധരിച്ച് എ എഫ് പി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. തീപ്പിടിത്തത്തിൽ ഡസൻ കണക്കിന് വ്യാപാര സ്ഥാപനങ്ങൾ നശിച്ചതായി എ എഫ് പി റിപ്പോർട്ട് ചെയ്തു. ഇരുപതോളം ഫയർ എൻജിനുകൾ നാല് മണിക്കൂർ എടുത്താണ് തീ നിയന്ത്രണ വിധേയമാക്കിയത്.മരിച്ചവരിൽ ഭൂരിഭാഗവും സുരക്ഷാ ജീവനക്കാരോ സാധാരണ ജീവനക്കാരോ ആണെന്ന് സിവിൽ ഡിഫൻസ് ഡയറക്ടർ പറഞ്ഞു. തീപ്പിടിക്കാനുള്ള കാരണം അറിവായിട്ടില്ല. സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

# റഷ്യൻ വിമാനക്കമ്പനികൾക്കുള്ള സേവനങ്ങൾ നിർത്തി ബോയിങ്




**വാഷിംഗ്ടൺ:** റഷ്യൻ വിമാനക്കമ്ബനികൾക്കുള്ള സേവനങ്ങൾ താത്ക്കാലികമായി നിർത്തിവച്ചതായി യുഎസ് എയ്റോസ്പേസ് കമ്ബനിയായ ബോയിങ്.ബോയിങ്ങിന്റെ മോസ്കോയിലെ പ്രവർത്തനങ്ങൾ താത്ക്കാലികമായി നിർത്തുകയാണ്. യുദ്ധം തുടരുന്നതിനാൽ കമ്ബനി ടീം അംഗങ്ങളുടെ സുരക്ഷ കൂടി പരിഗണിക്കുകയാണെന്നും ബോയിങ് കമ്ബനി അധികൃതർ അറിയിച്ചു.യുക്രൈനിലെ ഖാർക്കീവിൽ റഷ്യ മിസൈലാക്രമണം നടത്തിയ റിപ്പോർട്ട് കൂടി പുറത്തുവന്നതോടെയാണ് ബോയിങ്ങിന്റെ നടപടി. അതിനിടെ അമേരിക്കൻ വ്യോമപാതയിൽ റഷ്യൻ വിമാനങ്ങൾക്ക് യുഎസ് പ്രസിഡന്റ് ബൈഡനും വിലക്ക് പ്രഖ്യാപിച്ചിട്ടുണ്ട്.




# കോഹ്‌ലിയുടെ 100–ാം ടെസ്റ്റ്: സാക്ഷിയാവാൻ കാണികൾക്ക് അവസരമൊരുക്കി ബിസിസിഐ

**മൊഹാലി:** ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് മത്സരത്തിൽ 50 ശതമാനം കാണികളെ പ്രവേശിപ്പിക്കാൻ ബിസിസിഐ തീരുമാനം. പഞ്ചാബ് ക്രിക്കറ്റ് അസോസിയേഷനാണ് നാലിന് ആരംഭിക്കുന്ന ടെസ്റ്റിൽ 50 ശതമാനം കാണികളെ പ്രവേശിപ്പിക്കാൻ തീരുമാനിച്ചത്.ബിസിസിഐ ഇത് അംഗീകരിക്കുകയായിരുന്നു. ഇന്ത്യ-ശ്രീലങ്ക ആദ്യ ടെസ്റ്റ് അടച്ചിട്ട സ്റ്റേഡിയത്തിൽ നടത്താനായിരുന്നു ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ, രാജ്യത്തെ നിലവിലെ കൊവിഡ് സാഹചര്യങ്ങൾ വിലയിരുത്തിയ ശേഷം 50 ശതമാനം കാണികളെ പ്രവേശിപ്പിക്കാനാണ് തീരുമാനമെടുത്തത്.പഞ്ചാബ് ക്രിക്കറ്റ് അസോസിയേഷൻ അധികൃതരുമായി സംസാരിച്ചിരുന്നുവെന്നും മുൻ ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോഹ്ലിയുടെ 100ാം ടെസ്റ്റിന് സാക്ഷിയാവാൻ കാണികൾക്ക് അവസരമുണ്ടാകുമെന്നും ജയ് ഷാ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. കൂടാതെ, കോഹ്ലിയുടെ നൂറാം ടെസ്റ്റിനായി എല്ലാ ആശംസകളും നേരുന്നുവെന്നും ജയ് ഷാ കൂട്ടിച്ചേർത്തു.അതേസമയം, രണ്ടാം ടെസ്റ്റ് നടക്കുന്ന ബംഗലൂരുവിൽ കാണികളെ പ്രവേശിപ്പിക്കാനും ബിസിസിഐ തീരുമാനിച്ചിരുന്നു. നേരത്തെ, ദക്ഷിണാഫ്രിക്കക്കെതിരായ പരമ്പരയിൽ പരിക്കുമൂലം ഒരു ടെസ്റ്റിൽ നിന്ന് കോഹ്ലി വിട്ടുനിന്നത് നൂറാം ടെസ്റ്റ് ബംഗലൂരുവിൽ കളിക്കാൻ വേണ്ടിയാണെന്നും റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ, പരമ്പരയിലെ ആദ്യ ടെസ്റ്റിന് ബിസിസിഐ മൊഹാലിയാണ് വേദിയായി നിശ്ചയിച്ചത്.




# കായിക ലോകത്ത് റഷ്യയ്ക്ക് വീണ്ടും തിരിച്ചടി

**സൂറിച്ച്:** റഷ്യയുടെ ഉക്രൈൻ അധിനിവേശത്തിൻറെ പശ്ചാത്തലത്തിൽ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന് റഷ്യയുടെയും ബെലാറസിൻറെയും അത്‌ലറ്റുകൾക്ക് വിലക്ക് ഏർപ്പെടുത്തി വേൾഡ് അത്‌ലറ്റിക്സ്.വേൾഡ് അത്‌ലറ്റിക്സ് ഭരണസമിതി യോഗം ചേർന്നാണ് അത്‌ലറ്റുകളെ വിലക്കാനുള്ള തിരുമാനമെടുത്തത്. റഷ്യയിൽ നിന്നും ബെലാറസിൽ നിന്നുമുള്ള എല്ലാ അത്‌ലറ്റുകൾക്കും സപ്പോർട്ട് സ്റ്റാഫിനും ഒഫീഷ്യലുകൾക്കും ലോക അത്‌ലറ്റിക്സുമായി ബന്ധപ്പെട്ട എല്ലാ മത്സരങ്ങളിലും വിലക്ക് ബാധമായിരിക്കും. വിലക്ക് പ്രാബല്യത്തിലായതോടെ, ഈ വർഷം ഒറീഗോണിൽ നടക്കുന്ന വേൾഡ് അത്‌ലറ്റിക് ചാമ്ബ്യൻഷിപ്പിലും ബെൽഗ്രേഡിൽ നടക്കുന്ന വേൾഡ് അത്‌ലറ്റിക് ഇൻഡോർ ചാമ്ബ്യൻഷിപ്പിലും മസ്കറ്റിൽ, ഈ മാസം നാലിന് ആരംഭിക്കുന്ന വേൾഡ് അത്‌ലറ്റിക്സ് റേസ് വാക്കിംഗ് ടീം ചാമ്ബ്യൻഷിപ്പിലും റഷ്യയുടെയും ബെലാറസിൻറെയും താരങ്ങൾക്ക് പങ്കെടുക്കാനാവില്ല.നേരത്തെ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന് റഷ്യയെ വിലക്കാൻ ഫിഫയും യുവേഫയും ലോക ബാഡ്മിൻറൺ ഫെഡറേഷനും സ്കീയിംഗ് ഫെഡറേഷനും തീരുമാനിച്ചിരുന്നു. റഷ്യയെ കായിക മത്സരങ്ങളിൽ നിന്ന് സസ്പെൻഡ് ചെയ്യാൻ രാജ്യാന്തര ഒളിമ്ബിക്സ് കമ്മിറ്റിയും നിർദേശിച്ചിരുന്നു.

# ‘ലീഗിന്റെ നിലവാരത്തിൽ മായം ചേർക്കപ്പെടുന്നു”, ഹൈദരബാദ് കോച്ച് മനോലോ മാർക്കസ്



ഐ എസ് എൽ നടത്തിപ്പുക്കാരെ വിമർശിച്ച് ഹൈദരബാദ് പരിശീലകൻ മനോലോ മാർക്കസ്. ഇന്നലെ ജംഷദ്പൂരിനെതിരായ മത്സരത്തിൽ കോവിഡ് ബാധിച്ച എട്ടു പേരില്ലാതെ ആയിരുന്നു ഹൈദരാബാദ് എഫ് സി ഇറങ്ങിയത്.അവർ പരാജയപ്പെടുകയും അവരുടെ ഒന്നാം സ്ഥാനത്ത് നിന്ന് പിറകോട്ട് പോവുകയും ചെയ്തിരുന്നു. എട്ടു പോസിറ്റീവ് കേസുകൾ ഉണ്ടായിട്ടും കളിക്കേണ്ടി വന്ന അവസ്ഥ വളരെ മോശമാണ് എന്ന് ഹൈദരാബാദ് പരിശീലകൻ മനോലോ മാർക്കസ് പറഞ്ഞു.ലീഗിന്റെ നിലവാരത്തിൽ മായം ചേർക്കപ്പെടുക ആണെന്നും അദ്ദേഹം പറഞ്ഞു. എ ടി കെയുടെ മത്സരങ്ങൾ നേരത്തെ കോവിഡ് കാരണം മാറ്റിവെക്കപ്പെട്ടിരുന്നു. എന്നാൽ ഹൈദരബാദിന്റെ മത്സരം ഇന്നലെ മാറ്റിവെക്കാൻ എഫ് എസ് ഡി എൽ തയ്യാറായില്ല. എതിരാളികൾക്ക് കൊറോണ വന്നപ്പോൾ ഞങ്ങൾ കളി മാറ്റിവെക്കാൻ അനുവദിച്ചിരുന്നു. എന്നാൽ നമ്മുക്ക് കോവിഡ് വന്നപ്പോൾ കളി മാറ്റിവെക്കാൻ ആരും തയ്യാറായില്ല. ഇത് ശരിയല്ല എന്നും മനോലോ പറഞ്ഞു. ഇതോടെ ഐ ലീഗ് ഷീൽഡിനോട് ഗുഡ്ബൈ പറയുക ആണെന്നും അദ്ദേഹം പറഞ്ഞു.

# രഞ്ജി ട്രോഫിയിൽ ശ്രീശാന്തിന് ശേഷിക്കുന്ന മത്സരങ്ങൾ നഷ്ടമാവും

**മുംബൈ:** മലയാളി പേസർ എസ് ശ്രീശാന്തിന് രഞ്ജി ട്രോഫിയിൽ ശേഷിക്കുന്ന മത്സരങ്ങൾ നഷ്ടമാവും. പരിശീലനത്തിനിടെ പരിക്കേറ്റ ശ്രീശാന്ത് ഗുജറാത്തിനെതിരായ കഴിഞ്ഞ മത്സരത്തിൽ കളിച്ചിരുന്നില്ല.താരത്തിന്റെ പരിക്ക് സാരമുള്ളതാണെന്നും വിശ്രമം വേണമെന്നുമാണ് പുറത്തുവരുന്ന വിവരം. പരിക്കേറ്റ വിവരം 39കാരനായ ശ്രീശാന്ത് സാമൂഹ്യമാധ്യമങ്ങളിലൂടെ ആരാധകരെ അറിയിച്ചിരുന്നു.രഞ്ജിയിലേക്കുള്ള തിരിച്ചുവരവിൽ മേഘാലയക്കെതിരായ ആദ്യ മത്സരത്തിൽ ശ്രീശാന്ത് രണ്ട് വിക്കറ്റ് നേടിയിരുന്നു. ഇപ്പോഴിതാ, ആശുപത്രിയിൽ കിടക്കുന്ന ചിത്രം ശ്രീശാന്ത് തന്നെ തന്റെ ടിറ്റർ അക്കൗണ്ടിലൂടെ പങ്കുവെച്ചിട്ടുണ്ട്. ഇതോടെയാണ്, രഞ്ജിയിൽ ശേഷിക്കുന്ന മത്സരങ്ങളും താരത്തിന് നഷ്ടമാകുമെന്ന റിപ്പോർട്ടുകൾ വരുന്നത്.ആദ്യ മത്സരത്തിൽ മേഘാലയയെ ഇന്നിംഗ്സിന് തോൽപ്പിച്ച കേരളം, രണ്ടാം മത്സരത്തിൽ കരുത്തരായ ഗുജറാത്തിനെ എട്ട് വിക്കറ്റിനും തോൽപ്പിച്ചു. 214 റൺസ് വിജയ ലക്ഷ്യവുമായി ബാറ്റിംഗിനിറങ്ങിയ കേരളം രോഹൻ കുന്നുമ്മലിൻറെ ഉജ്ജ്വല സെഞ്ചുറിയുടെയും സച്ചിൻ ബേബിയുടെ അർധ സെഞ്ചുറിയുടെയും മികവിലാണ് ഗുജറാത്തിനെതിരെ ജയം നേടിയത്. മധ്യപ്രദേശാണ് കേരളത്തിന്റെ അടുത്ത എതിരാളി.

EDITORS CHOICE

# ഇന്ന് ലോക കേൾവിദിനം: നിശബ്ദതയിൽ തളരാതെ റോക്കിംഗ് സ്റ്റാറായി റോഷൻ



**തിരുവനന്തപുരം:** റോഷൻ ബിസിയാണെപ്പോഴും. സ്കൂളിൽ നിന്ന് വന്നാലുടൻ ഫുട്ബാൾ ഗ്രൗണ്ടിലേക്ക്, അതു കഴിഞ്ഞാൽ ഡാൻസ് പ്രാക്ടീസ്. രാജാജി നഗറിലെ റോക്കിംഗ് സ്റ്റാറായ പ്ലസ് വൺ വിദ്യാർത്ഥി റോഷൻ എസ്. ലെനിൻ അഭിനയിച്ച ’തല’ വിദേശ ചലച്ചിത്രമേളകളിൽ മികച്ച അഭിപ്രായം സ്വന്തമാക്കി പ്രദർശിപ്പിച്ചു വരികയാണ്. ഈ നേട്ടമെല്ലാം റോഷൻ സ്വന്തമാക്കിയത് ശബ്ദവീചികളെ അനുഭവിച്ചറിയാതെയാണ്. വലതുകാലിന്റെ നീളക്കുറവ് കാര്യമാക്കാതെയാണ് നൃത്തം വയ്ക്കുന്നതും ഗോൾ പോസ്റ്റിലേക്ക് ബാൾ പായിക്കുന്നതും.ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ താത്ക്കാലിക ജീവനക്കാരൻ ലെനിന്റെയും തിരുവനന്തപുരം നഗരസഭയിൽ ക്ലാർക്കായ സന്ധ്യാറാണിയുടെയും മൂത്ത മകനാണ് വൈകല്യത്തെ അതിജീവിച്ച് മുന്നേറുന്ന റോഷൻ. എട്ടുമാസം പ്രായമുള്ളപ്പോൾ പനി വന്നു. ഒപ്പം കഴുത്ത് കുഴഞ്ഞു പോകുന്ന അവസ്ഥയും. എസ്.എ.ടിയിൽ മൂന്ന് വർഷത്തെ ചികിത്സയ്ക്കു ശേഷം ഡോക്ടർ പറഞ്ഞു ’കുട്ടിക്ക് കേൾവിയോ കാഴ്ചയോ നഷ്ടപ്പെട്ടേക്കാം’. അമ്മ സന്ധ്യാറാണി തകർന്നുപോയ നിമിഷങ്ങൾ. ഏഴു വർഷം കിടക്കയിൽ നിന്നനങ്ങാൻ കുട്ടിക്കായില്ല. പക്ഷേ, പിന്നീടവൻ പിച്ചവച്ചു. വൈകല്യത്തിന്റെ പേരിൽ ഒന്നിനും മാതാപിതാക്കൾ വിലക്കിയില്ല. സ്കൂളിൽ പോയി പഠിച്ചു, കളിച്ചു. 2014ൽ യുണിസെഫിന്റെ ചൈൽഡ് അച്ചീവർ പുരസ്കാരം നേടി. സംവിധായിക വിധു വിൻസെന്റ് നേതൃത്വം നൽകിയ അഭിനയ ക്യാമ്ബിലൂടെയാണ് ഖായിസ് മിലൻ സംവിധാനം ചെയ്ത ’തല’യിൽ അഭിനയിക്കാൻ അവസരം വന്നത്. സ്വീഡനിലെ ബെർജിൻ അന്താരാഷ്ട്ര ചലച്ചിത്രോത്സവം, ലണ്ടൻ ഫിലിം ഫെസ്റ്റിവൽ ഉൾപ്പെടെയുള്ള നിരവധി മേളകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സഹോദരി റോമ എസ്. ലെനിനും ’തല‘യിൽ അഭിനയിച്ചു. തമിഴ് സൂപ്പർതാരം വിജയ്‌യുടെ ഫാനാണ് റോഷൻ. ഫുട്ബാൾ കളിക്കുമ്ബോൾ ജേഴ്സി നമ്ബർ അഞ്ചാക്കിയതിന് കാരണം ബിഗിൽ സിനിമയിൽ വിജയ്‌യുടെ ജേഴ്സി നമ്ബർ അഞ്ചായതുകൊണ്ടാണ്. റോഷന്റെ വൈറലായ ഡാൻസ് കണ്ട് തമിഴ് നടൻ ശിവകാർത്തികേയൻ എറണാകുളത്ത് എത്തിയപ്പോൾ റോഷനെ ക്ഷണിച്ചു വരുത്തിയിരുന്നു.







RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com